# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## അന്തിമ രേഖ

## എറണാകുളം ജില്ലയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള പി.ഡബ്ല്യൂ.ഡി റോഡ് വീതി കൂട്ടുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ

## കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

ജൂൺ 2020



**എസ്.ഐ.എ യൂണിറ്റ്**


ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്
ഭാരത് മാതാ കോളേജ്, തൃക്കാക്കര
എറണാകുളം ജില്ല
പിൻ: 682 021
വെബ്സൈറ്റ്: bmssw.in
ഫോൺ : 9400463358

# ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതിയുടെ പശ്ചാത്തലം

2.2. പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായമൊത്തംഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. പദ്ധതിക്കായി വില കൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവുംപ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവന മാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം(പദ്ധതിപ്രദേശവും പുനസ്ഥാപന പ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണസംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെഗുണനിലവാരം

## അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ളമാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരംപുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുംനഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരി ഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയവിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതിരൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തംഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ്രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 :നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കൊച്ചി നഗരത്തിൻെറ നഗരവൽക്കരണം വളരെ വേഗത്തിൽ നടന്നുക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടേയും വാഹന സഞ്ചാരത്തി ൻേറയും ക്രമേണയുള്ള ആധിക്യം മൂലം കൊച്ചി നഗരത്തിൻെറ റോഡുകൾക്ക് അവയെ ഉൾക്കോള്ളുവാനും വാഹന ഗതാഗതം കാര്യക്ഷമമാക്കുവാനും കഷ്ടിച്ചേ സാധിക്കുന്നുള്ളു. സമയം, റോഡ് പരിപാലനം, മലിനീകരണം മുതലായ ഘടകങ്ങളിൽ പ്രതികൂല പ്രത്യാഘാതങ്ങൾ ആണ് ഉണ്ടാകുന്നത്. കൊച്ചിയുടേയും സമീപത്തുള്ള നഗരവൽക്കപ്പെട്ടുക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളുടേയും ഗതാഗത പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരമാക്കുവാനാണ് എം.ആർ.റ്റി.എസ് സംവിധാനം എന്ന ആശയം ഉടലെടുത്തത്. സംസ്ഥാനത്തെ ആദ്യത്തെ മെട്രോ റെയിൽ പദ്ധതിയാണ് കൊച്ചി മെട്രോ റെയിൽ പദ്ധതി. മെട്രോ പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം നടത്തിയ വിലയിരുത്തലുകളുടേയും പ്രവർത്തനത്തിൽനിന്നും കാണിക്കുന്നത് സംസ്ഥാനത്തും നഗരത്തിലും ഗതാഗതത്തിൻെറയും ഗതാഗത സംസ്ക്കാരത്തിൻേറയും ഒരു മാറ്റം ആണ്. ദൈനംദിന യാത്രകൾക്കായി മെട്രോ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുക്കൊണ്ടിരിക്കുകയാണ്.

കാക്കനാട് ഭാഗത്തേക്കുള്ള യാത്രക്കാരുടെ ദ്രുതഗതിയിലുള്ള വർദ്ധനവ് ആഭാഗത്തേക്കുള്ള യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിക്കുന്നു. ജില്ലയുടെ ഭരണാ ശിരാ കേന്ദ്രം, സ്മാർട്ട് സിറ്റി, സാങ്കേതിക വിദ്യയുടെ പ്രത്യേക സാമ്പത്തിക മേഖല, കൊച്ചി പ്രത്യേക സാമ്പത്തിക മേഖല, കൂടാതെ പല ഓഫീസുകളും കാക്കനാട് കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഗതാഗത പ്രശ്നങ്ങൾക്ക് ഒരു ബദൽ സംവിധാനം എന്ന നിലയിലും, കൂടുതൽ ജനങ്ങൾക്ക് മെട്രോ സൗകര്യം പ്രയോജനമാക്കണം എന്ന ഉദ്ദേശത്തോടെയുമാണ് മെട്രോ പദ്ധതി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെ ദീർഘിപ്പിക്കുന്നതിന് കാബിനറ്റ് അനുമതി നൽകിയത്. കൊച്ചി മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ മുന്നോടിയായിട്ടാണ് നിർദ്ദിഷ്ട പദ്ധതിയായ

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെയുള്ള റോഡ് വികസിപ്പിക്കുന്നത്.

ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള നിയമം 2013 വകുപ്പ് 2(b)(i) പൊതു മേഖല എറ്റെടുക്കലിനും, പൊതു ലക്ഷ്യങ്ങൾക്കും സർക്കാരിന്റെ ആവശ്യത്തിനുമായുള്ള ഭൂമി ഏറ്റെടുക്കൽ നിഷ്ക്കർഷിക്കുന്നു. ഈ ആക്റ്റ് പൊതു ആവശ്യത്തെ നിർവചിക്കുന്നത് ഇന്ത്യൻ ഗവൺമെന്റിന്റെ സാമ്പത്തിക വിഭാഗം 27.03.2012 ൽ പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009- പ്രകാരമുള്ള പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും, സാധനങ്ങളുമാണ്. അടിസ്ഥാന സൗകര്യ പദ്ധതികളുടെ പൊതു ആവശ്യത്തിന് കീഴിൽ വരുന്ന ഭൂമി ഏറ്റെടുക്കലാണ് നിർദ്ദിഷ്ട പദ്ധതി.

## 1.2 സ്ഥലം

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട 39, 40, 44 വാർഡുകളിലാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. നിലവിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം-പാലാരിവട്ടം റോഡിന്റെ ഇരുവശങ്ങളിലുമായിട്ടാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിന്യാസം. കണയന്നൂർ താലൂക്കിലെ പൂണിത്തറ വില്ലേജിലാണ് പദ്ധതി പ്രദേശം.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും.

പദ്ധതി പ്രദേശത്തെ 63 വസ്തുവകകളിൽ നിന്നുമായി 0.5835 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. അതിൽ 59 വസ്തുവകകൾ ഏക വ്യക്തിയുടേയോ കൂട്ടുടമസ്ഥതയിലുള്ളതോ 4 വസ്തുവകകൾ പുറമ്പോക്ക് ഭൂമിയിലും ആണ്. 88 ശതമാനം പ്രദേശം "പുരയിടം" വിഭാഗത്തിലും 12 ശതമാനം ഭൂമി "നിലം ഇപ്പോൾ പുരയിടം" വിഭാഗത്തിലും ഉൾപ്പെടുന്നു. പദ്ധതി പ്രദേശം വാണിജ്യപരമായി പ്രാധാന്യം ഉള്ളതാണ്; 83 ശതമാനവും ബിസിനസ് പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട ജവഹർലാൽ നെഹ്റു സ്റ്റേഡിയം-പാലാരിവട്ടം റൊഡിൻെറ വീതി കൂട്ടുന്ന പദ്ധതി കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മുന്നോടി ആയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിൽ സാധ്യതയില്ല. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോ പാർക്ക് വരെയാണ് 11.2 കിലോ മീറ്റർ അടങ്ങുന്ന കൊച്ചി മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ടം. ഇതിൻെറ വിന്യാസം നേരത്തേ അംഗീകരിച്ചിരിക്കുന്നതാണ്. 17.06.2020 ന് ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള റോഡിൻെറ വീതി കൂട്ടുന്നതിന് മുന്നോടിയായുള്ള ഭൂമി ഏറ്റെടുക്കലിൻെറ വിഞ്ജാപനം 11(1) റവന്യു വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതി പ്രദേശത്തെ നിവാസികൾക്ക് ആഘാതം സൃഷ്ടിക്കാതെയുള്ള വികസന പ്രവർത്തനങ്ങൾ സാധ്യമല്ല. നിർദ്ദിഷ്ട പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടായേക്കാവുന്ന ആഘാതങ്ങൾ താഴെ പറയുന്നു.

- 4 ആൾ താമസമുള്ള വീടുകളുടേയും 87 വാണിജ്യ സ്ഥാപനങ്ങളുടേയും മാറ്റിപാർപ്പിക്കൽ.
- 87 കുടുംബങ്ങളുടെ ഉപജീവനം നഷ്ടമാകൽ.
- 140 കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗത്തിൽ ഉണ്ടാകുന്ന കുറവ്.
- വീടുകൾ, കടകൾ, ഇരുനിലകെട്ടിടങ്ങൾ, മതസ്ഥാപനങ്ങൾ മുതലായ 68 നിർമ്മിതികളുടെ പൊളിച്ചുമാറ്റൽ (മൊത്തത്തിൽ അല്ലെങ്കിൽ ഭാഗികമായി).
- കൈവശാവകാശമുള്ള 93 പേരെയും ഇല്ലാത്ത 94 പേരേയും പദ്ധതി പ്രത്യക്ഷമായി ബാധിക്കും..
- പദ്ധതി പ്രദേശത്ത് വാണിജ്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരേയും, നടപ്പാതയിൽ കച്ചവടം നടത്തുന്ന തെരുവ് കച്ചവടക്കാരേയും പദ്ധതി പരോക്ഷമായി ബാധിക്കും.

### 1.6. ലഘൂകരണ നടപടികൾ

സാമൂഹ്യ-സാമ്പത്തികസർവ്വേയുടെ നിഗമനങ്ങളും പങ്കാളികളുമായുള്ള അഭിമുഖങ്ങളും അടിസ്ഥാനമാക്കി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിയുടെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനെ അടിസ്ഥാനമാക്കിയുള്ള കേരള ചട്ടങ്ങൾ 2015, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- പദ്ധതി പ്രദേശത്തു നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുക.
- പുനരധിവാസ, പുനസ്ഥാപന സ്കീമിൽ ദുർബലജന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- RFCTLARR Act 2013 ൻെറ സെക്ഷൻ 41 അനുസരിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ പദ്ധതി ബാധിത പ്രദേശത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉപയോഗരഹിതമാകുന്ന ഭൂമികൾകൂടി ഏറ്റെടുക്കുക.
- ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നതും എന്നാൽ പുതിയൊരു ബിസിനസ് തുടങ്ങാൻ കഴിയാത്തവരുമായ മുതിർന്ന പൗരന്മാരുടെ ഉപജീവന പ്രശ്നങ്ങൾ പരിഗണിക്കേണ്ടതാണ്
- വസ്തുവകകളുടെ ഏറ്റെടുക്കൽ മൂലം തൊഴിൽ നഷ്ടമാകുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പരിഗണിക്കുക..

- പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശനത്തിന് ബദൽ സൗകര്യം കാലതാമസം കൂടാതെ നൽകി പരിഹരിക്കേണ്ടതാണ്.
- പ്രദേശത്തെ ബിസിനസ് തുടരുന്നതിനായി ഘടനകളെ പുനർനിർമ്മിക്കുന്നതിനുള്ള കെട്ടിട നിയമങ്ങളിൽ അൽപ്പം അയവ് വരുത്തുക.
- കട ഉടമകളുടെ സ്വകാര്യവാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം കടയുടെ ചുറ്റുവട്ടത്ത് നൽകുക.
- ആഘാത ബാധിതമാകുന്ന നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെ പ്രക്രിയയ്ക്ക് ഉണ്ടായേക്കാവുന്ന കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് രൂപവത്കരിക്കുക. ആയതിനാൽ കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന ആഘാത ബാധിത കുടുംബങ്ങളുടെ പുനസ്ഥാപിക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയും.
- പദ്ധതിയുടെ നിർമ്മാണ വേളയിൽ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുവാനുള്ള മുൻ കരുതലുകളും സുരക്ഷ നടപടികളും കൈക്കൊണ്ടുവെന്ന് ഉറപ്പുവരുത്തുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക..
- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

**2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം**

കുറച്ച് പതിറ്റാണ്ടുകളായി, പ്രത്യേകിച്ചും ഇന്ത്യയിലെ ആഗോളവൽക്കരണ കാലഘട്ടത്തിൽ, മുൻക്കൂട്ടികാണാൻ കഴിയാത്ത വേഗത്തിലാണ് കൊച്ചി നഗരത്തിൻെറ നഗരവൽക്കരണം നടന്നത്. മറ്റ് മേഖലകളിലെ വികസനവുമായി നോക്കുമ്പോൾ, വാഹനങ്ങളുടേയും വാഹനചലനങ്ങളുടേയും ക്രമാനുഗതമായ വർധനവ് മൂലം കൊച്ചി നഗരത്തിലെ റോഡുകൾക്ക് ഗതാഗത ആവശ്യങ്ങൾ പ്രത്യേകിച്ചും പ്രധാന റോഡുകൾക്ക് കാര്യക്ഷമമായി നിറവേറ്റാൻ കഴിയുന്നില്ല. സമയം, മലിനീകരണം, റോഡിൻെറ പരിപാലനം എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ പാരാമീറ്ററുകളിൽ അവ പല പ്രതികൂല ഫലങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. കൊച്ചി നഗരത്തിലേയും നഗര പ്രദേശങ്ങളിലേയും ഗതാഗതക്കുരുക്കിന് ഒരു പരിഹാരമായിട്ടാണ് ഒരു റെയിൽ അധിഷ്ഠിത മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം കൊച്ചിക്ക് വേണ്ടി ആവിഷ്കരിച്ചത്. കൊച്ചി മെട്രോ റെയിൽ പദ്ധതി കേരളത്തിലെ ആദ്യത്തെ മെട്രോ റെയിൽ പദ്ധതിയാണ്. ഒരു വർഷത്തെ ഇതിൻെറ പ്രവർത്തനത്തിനുശേഷം, നഗരത്തിലേക്കും സംസ്ഥാനത്തേക്കും ഒരു പുതിയ യാത്രാ, ഗതാഗത സംസ്ക്കാരം കൊണ്ടുവരുന്നുവെന്ന് വിലയിരുത്തലുകൾ കാണിക്കുന്നു. ദിവസേനയുള്ള യാത്രയ്ക്ക്, മെട്രോ റെയിൽ ഉപയോഗിക്കുന്ന യാത്രക്കരുടെ എണ്ണം ദിവസേന ഉയർന്നുവരുകയാണ്. ജില്ലാ ഭരണ കേന്ദ്രവും, സ്മാർട്ട് സിറ്റിയും, ധാരാളം ഓഫീസുകളും കാക്കനാട് സ്ഥിതി ചെയ്യുന്നതിനാൽ, ഇങ്ങോട്ടുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. മെട്രോയുടെ സേവനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുവാനായി ഇതിൻെറ രണ്ടാം ഘട്ടം എന്ന നിലയിൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് കാക്കനാട് വഴി ഇൻഫോ പാർക്ക് വരെ മെട്രോ നെറ്റ് വർക്ക് നീട്ടുവാൻ സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെ മെട്രോ നീട്ടുന്നതിൻെറ മുന്നോടിയാണ് നിർദ്ദിഷ്ട റോഡ് വീതികൂട്ടൽ പദ്ധതി.

### 2.1.1. നടപ്പിലാക്കുന്ന ഏജൻസി

### 2.1.1.(a) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കെ.എം.ആർ.എൽ എന്നത് ഇന്ത്യൻ സർക്കാരിൻെറയും കേരള സർക്കാരിൻേറയും സംയുക്ത സംരംഭമാണ്. മെട്രോയുടെ നടത്തിപ്പിനും, പ്രവർത്തനത്തിനും, പരിപാലനത്തിനുമായുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയിട്ടാണ് കെ.എം.ആർ.എൽ പ്രവർത്തിക്കുന്നത്. കേരളത്തിൻെറ വാണിജ്യ കേന്ദ്രമായ കൊച്ചിക്കുവേണ്ടി പ്രവർത്തത്തിക്കുന്ന ഒരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമാണ് കൊച്ചി മെട്രോ സംവിധാനം.

### 2.1.2. ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ഓഫീസർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 2 കാക്കനാട് ആണ്. ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ഉത്തരവാദിത്വം സ്പെഷ്യൽ തഹസിൽദാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

മെട്രോയുടെ സേവനം കൂടുതൽ ജനങ്ങളിലേക്ക് പ്രത്യേകിച്ച് പൊതു മേഖല സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ, കാക്കനാടുള്ള പ്രത്യേക സാമ്പത്തിക മേഖല എന്നീ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരിൽ എത്തിക്കുവാനായി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് കാക്കനാട് വഴി ഇൻഫോ പാർക്ക് വരെ മെട്രോ നെറ്റ്വർക്ക് നീട്ടുവാൻ സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള 850 മീറ്റർ റോഡിൻെറ വീതി കൂട്ടുന്നതിനുള്ള പദ്ധതി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെ മെട്രോ നീട്ടുന്നതിൻെറ ഭാഗമാണ്. കാക്കനാട് വരെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്നതുമൂലം നഗരത്തിൽ നിന്നും അങ്ങോട്ടുള്ള യാത്രാ സമയം കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണക്റ്റിവിറ്റി മെച്ചപ്പെടുമ്പോൾ നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള 850 മീറ്റർ റോഡിന്റെ വീതി കൂട്ടുന്നതിനുള്ള പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെ ഏകദേശം 850 മീറ്റർ നീളത്തിലുള്ള പി.ഡബ്ല്യൂ.ഡി റോഡിന്റെ വീതി കൂട്ടലാണ് നിർദിഷ്ട പദ്ധതി. കൊച്ചി കോർപ്പറേഷനിലെ 39, 40, 44 വാർഡുകളിൽപ്പെട്ട 0.5835 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി കണക്കാക്കിയിരിക്കുന്നത്. എറണാകുളം ജില്ലയിലെ കനയന്നൂർ താലൂക്കിൽപ്പെട്ട പൂനത്തറ വില്ലേജിലാണ് നിർദ്ദിഷ്ട പ്രദേശം. പ്രതികൂലമായ കാലാവസ്ഥ, തൊഴിലാളികളുടെയും, സാധനങ്ങളുടെയും മുൻകൂട്ടി കാണാൻ കഴിയാത്ത കുറവ്, തർക്കങ്ങൾ, സാമ്പത്തിക ഇടപാടുകളിൽ വരുന്ന കാലതാമസം എന്നിവയാണ് പ്രതീക്ഷിക്കാവുന്ന അപകട സാധ്യത ഘടകങ്ങൾ.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോ പാർക്ക് വരെയുള്ള രണ്ടാം ഘട്ട കൊച്ചി മെട്രോയുടെ ദൂരം 11.2 കിലോ മീറ്റർ ആണ്. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള പി.ഡബ്ല്യൂ.ഡി റോഡിന്റെ വീതി കൂട്ടൽ ഈ രണ്ടാം ഘട്ടത്തിന്റെ ഭാഗമാണ്. ഇതിന്റെ വിന്യാസം നേരത്തെ പൂർത്തീകരിച്ചതാണ്. ആയതിനാൽ വിന്യാസത്തിന്റെ ഇതര മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിന്റെ പ്രസക്തി ഇല്ല.

### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ബാധകമല്ല

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ബാധകമല്ല

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

## 2.8 ആവശ്യമായ തൊഴിൽ ശക്തി

തൊഴിൽശക്തി ക്രമീകരിച്ചിരിക്കുന്നത് ആധുനിക യന്ത്ര സാമഗ്രഹികൾക്കൊണ്ടും മനുഷ്യശക്തി പ്ലാൻ ചെയ്തിരിക്കുന്നത് വിദഗ്ധർ, അർദ്ധ വിദഗ്ധർ, അവിദഗ്ധർ എന്നീ വിവിധ തലങ്ങളിലായിട്ടാണ്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെ കൊച്ചി മെട്രോ റെയിൽ നീട്ടുന്നതിന് 2018 ൽ കെ.എം.ആർ.എൽ നുവേണ്ടി കേരള വോളൻററി ഹെൽത്ത് സർവീസസ് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിരുന്നു. പദ്ധതി മൂലം ആഘാത ബാധിതമാകുന്ന 362 കൈവശാവകാശമുള്ളതും 257 കൈവശാവകാശമില്ലാത്തതുമായവരെ പ്രസ്തുത പഠനം കണ്ടെത്തി.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ മുന്നോടിയായി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013ലെ കേന്ദ്ര ആക്ട് 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം എറണാകുളം ജില്ലയിലെ കൊച്ചി റയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ മുന്നോടിയായി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള പി.ഡബ്ല്യൂ റോഡിന്റെ വീതി കൂട്ടുന്നതിനുള്ള പദ്ധതിക്കുവേണ്ടി സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിനും വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത് മാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത് മാതാ കോളേജിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം:01-01-2020 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 18, വാല്യം 9)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

നിർദ്ദിഷ്ട സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. വിവരശേഖകർക്ക് വിവരശേഖരണത്തിൽ പരിശീലനം നൽകുകയും, സീനിയർ ടീം അംഗങ്ങൾ മേൽനോട്ടത്തിൽ വിവരശേഖരണത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പഠന സംഘത്തിന്റെ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

| പേര് | വിദ്യാഭ്യാസ യോഗ്യത/ പദവി | പ്രവർത്തന പരിചയം |
|---|---|---|
| ഡോ. ഷീന രാജൻ ഫിലിപ്പ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് | 14 വർഷം. |
| ഡോ.എത്സ മേരി ജേക്കബ്ബ് | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി റിസർച്ച് ഓഫീസർ | 15 വർഷം. |
| ആര്യ ചന്ദ്രൻ | എം.എസ്.ഡബ്ല്യൂ, എം.ഫിൽ, റിസർച്ച് സ്കോളർ | 5 വർഷം. |
| പ്രിൻസി ജേക്കബ്ബ് | എം.എസ്.ഡബ്ല്യൂ, പ്രോജക്റ്റ് കോഡിനേറ്റർ | 23 വർഷം. |
| ജോഷി വർഗീസ് | എം.എ, എം.എസ്.ഡബ്ല്യൂ, മോണിറ്ററിംഗ് ഓഫീസർ | 21 വർഷം. |
| ടോണി എം ടോം | എം.എസ്.ഡബ്ല്യൂ ഫീൽഡ് സൂപ്പർവൈസർ | 5 വർഷം. |
| ജെയിംസ് ജോസ് | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| അഖില പി മോനി | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| ഷഹസ്മാൻ | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| റിയ | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| ക്രിസ്റ്റി ബാബു | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| അമൽദേവ് എം | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| ശ്രീലക്ഷ്മി | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| അമൃത അജയ് | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| കൃഷ്ണേന്ദു എ.പി | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |
| കൃഷ്ണപ്രിയ | എം.എസ്.ഡബ്ല്യൂ, വിദ്യാർത്ഥി | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ |

## 3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

റവന്യൂ വകുപ്പിനും കൊച്ചി മെട്രോ റയിൽ ലിമിറ്റഡിലെ ഉദ്യോഗസ്ഥരോടുമൊപ്പം എസ്.ഐ.എ യൂണിറ്റ് പദ്ധതി ബാധിത പ്രദേശത്തേക്ക് ഒരു സംയുക്ത സന്ദർശനം

നടത്തി. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസത്തിൽ നിന്നുമാണ് പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കിയത്. വിവര ശേഖരണത്തിൻെറ ഭാഗമായി തൽപ്പര കക്ഷികളുടെ പ്രതിനിധികളുമായും പദ്ധതി ബാധിത കുടുംബങ്ങളുമായും സാമൂഹിക സാമ്പത്തിക വിവരശേഖരണവും നടത്തി.

കൊച്ചി കോർപ്പറേഷൻ കൗൺസിലർമാർ, വ്യാപാരി വ്യവസായ ഏകോപന സമിതിയിലെ പ്രതിനിധികൾ എന്നിവരാണ് എസ്.ഐ.എ യൂണിറ്റ് അഭിമുഖം നടത്തിയ തൽപ്പരകക്ഷികൾ. ആഘാതബാധിതമാകുന്ന കുടുംബങ്ങളിൽനിന്നും ശേഖരിച്ച ഭൂമി സംബന്ധമായ വിവരങ്ങൾ പൂണിത്തുറ വില്ലേജ് ഓഫീസിലെ ഭൂരേഖകളുമായി പരിശോധിച്ചു. നിർദ്ദിഷ്ട പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ കെ.എം.ആർ.എൽ ഓഫീസിൽ നിന്നും ശേഖരിക്കുകയും ചെയ്തു. പ്രാഥമിക ദ്വിതീയ വിവര സ്രോതസുകളിലൂടെ ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയിരിക്കുന്നത്.

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിലാണ് ബാധിക്കുന്ന തെന്നതുകൊണ്ട് ചില കുടുംബങ്ങളിൽ നിന്ന് മാത്രമായി വിവരങ്ങൾ ശേഖരിക്കുന്ന രീതി ഈ പഠനത്തിന് അനുയോജ്യമായിരുന്നില്ല. അതിനാൽ പദ്ധതി നേരിട്ട് ബാധിക്കുന്ന കൈവശാവകാശം ഉള്ളതും ഇല്ലാത്തതുമായ കുടുംബങ്ങളെ ഉൾപ്പെടുത്തി ആണ് വിവര ശേഖരണം നടത്തിയത്.

**3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതി മൂലം പ്രത്യക്ഷ ആഘാത ബാധിതരാകുന്ന ജനങ്ങൾ, സെൻറ് മാർട്ടിൻ പള്ളിയുടെ ട്രസ്റ്റീസ്, ആഘാത ബാധിത പ്രദേശത്തെ വാർഡ് പ്രതിനിധികൾ എന്നിവരാണ് പ്രാഥമിക വിവരദാതാക്കൾ. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഭൂരേഖകളും, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ നിന്നും ലഭിച്ച രേഖകളുമാണ് വിവരശേഖരണത്തിൻെറ ദ്വിതീയ സ്രോതസുകൾ.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട്, 2013, 5–ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി പാലാരിവട്ടം സെൻറ് മാർട്ടിൻ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് 2020 മാർച്ച് 3 ന് രാവിലെ 10:30 മുതൽ ഉച്ചയ്ക്ക് 12:30 വരെ പബ്ലിക്ക് ഹിയറിംഗ് നടത്തുന്നു. പബ്ലിക്ക് ഹിയറിങ്ങിൻെറ പത്ര വിജ്ഞാപനം മാധ്യമം, ദീപിക എന്നീ രണ്ട് പ്രധാന മലയാള ദിനപത്രങ്ങളിൽ നൽകി.

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 11/12/2019 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിൻെറ പദ്ധതി പ്രദേശത്തെ പ്രാഥമിക സന്ദർശനം |
| 01/01/2020 | സാമൂഹ്യ പ്രത്യാഘാത പഠന സംബന്ധമായ ഗസറ്റ് വിജ്ഞാപനം |
| ജനുവരി 2020 | സാമൂഹ്യ-സാമ്പത്തിക സർവേയും തത്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചകളും |
| ഫെബ്രുവരി 2020 | പഠനവുമായി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ദ്വിതീയ വിവരശേഖരണം |
| 15/02/2020 | വാർഡ് കൗൺസിലർമാർ, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിനിധികളുമായി അഭിമുഖം. |
| 21/02/2020 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 03/03/2020 | പബ്ലിക് ഹിയറിംഗ് |

പബ്ലിക്ക് ഹിയറിംഗിൻെറ വീഡിയോ റെക്കോർഡിങ്ങ് ചെയ്തു. പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്തവർ ഉന്നയിച്ച ആശങ്കകളും അർത്ഥനാധികാരി നൽകിയ മറുപടികളും താഴെ പട്ടികയിൽ നൽകുന്നു.

| പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്തവർ ഉന്നയിച്ച പ്രധാന ആശങ്കകൾക്കും എതിർപ്പുകൾക്കും അർത്ഥനാധികാരി നൽകിയ മറുപടി | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പേരും വിലാസവും** | **ആശങ്കകളുടേയും എതിർപ്പുകളുടേയും ചുരുക്കം** | **അർത്ഥനാധികാരിയുടെ മറുപടി** |
| 1 | ജെസ്സി ജേക്കബ്ബ് (കൊച്ചി കോർപ്പറേഷൻ കൗൺസിലർ,വാർഡ് 44) | – പദ്ധതി ആരംഭിക്കുന്നതിന് മുൻപ് തന്നെ കട ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.<br>– പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇവിടുത്തെ ജനങ്ങൾ വളരെയധികം കഷ്ടപ്പെട്ടിട്ടുണ്ട്. ആയതിനാൽ, അർത്ഥ നാധികാരികൾ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും, ജനങ്ങൾക്ക് കൂടുതൽ ശല്യം സൃഷ്ടിക്കാത്ത വിധത്തിലും പദ്ധതി നടപ്പിലാക്കുക. | ഇത് കൗൺസിലറുടെ ഒരു പൊതു ആശങ്ക മാത്രമാണ്. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 2 | ജോസഫ് അലക്സ് (കൊച്ചി കോർപ്പറേഷൻ കൗൺസിലർ,വാർഡ് 39,40) | – പാലാരിവട്ടം ഒരു പ്രധാന കച്ചവട കേന്ദ്രമാണ്. ഭൂരിഭാഗം കടകളും വളരെ കാലങ്ങളായി പ്രവർത്തിക്കുന്നവയാണ്. വേറൊരു സ്ഥലം കണ്ടെത്തുക എന്നത് ബുദ്ധിമുട്ടാണ്.<br>– മെട്രോ പദ്ധതി മൂലം വാണിജ്യ സ്ഥാപനങ്ങൾക്കും ബാങ്കുകൾക്കും പാലാരിവട്ടം വിട്ടു പോകേണ്ടതായി വരും.<br>– ബിസിനസ് ഉപജീവനമാർഗ്ഗമായിട്ടുള്ള ധാരാളം പേരുടെ ഉപജീവനത്തെ പദ്ധതി ബാധിച്ചേക്കാം.<br>– സെൻറ് മാർട്ടിൻ പള്ളിമുതൽ ജെ.എൽ.എൻ സ്റ്റേഡിയം വരെയുള്ള പ്രദേശം നേരത്തെ മെട്രോ പദ്ധതിക്ക് വേണ്ടി ഏറ്റെടുത്തതാണ്. ഇതിൻെറ നിർമ്മാണ ഘട്ടത്തിൽ റോഡിൻെറ ഇരുവശങ്ങളിലുമുള്ള വീടുകളും കടകളും വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുണ്ട്. ഇപ്പോൾ അവർ ബിസിനസ് പുനഃസ്ഥാപിക്കുകയും താമസങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. വീണ്ടും മറ്റൊരു ഭൂമി ഏറ്റെടുക്കൽ ജനങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും.<br>– പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് ഈ പ്രത്യാഘാതങ്ങൾ പരിഗണിക്കുക | ഇത് കൗൺസിലറുടെ ഒരു പൊതു ആശങ്ക മാത്രമാണ്. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല.<br><br>കേരളഗവണ്മെൻറ് അംഗീകരിച്ച ഈ പദ്ധതി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് രണ്ടാം ഘട്ടത്തിന് അനിവാര്യമാണ്. |
| 3 | സി.എസ്. രാമചന്ദ്രൻ(പ്രസിഡൻറ്, വ്യാപാരി വ്യവസായി ഏകോപന സമിതി) | –പദ്ധതി ആരംഭിക്കുന്ന തീയ്യതിയെ സംബന്ധിക്കുന്ന വ്യക്തമായ വിവരങ്ങൾ ഇല്ല.<br>–പുനരധിവാസ പാക്കേജുകളെക്കുറിച്ചും, ഭൂവുടമകൾക്കും, കട ഉടമകൾക്കും നൽ കുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും വ്യക്തത വേണം.<br>–അനുയോജ്യമായ നഷ്ടപരിഹാരം നൽകണം, ഓരോ കടകൾക്കുമുള്ള നഷ്ടപരിഹാര തുകയായ 6,10,000 രൂപ കുറവാണ്.<br>–വളരെക്കാലങ്ങളായി ബിസിനസിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഏകദേശം 10 പേർക്ക് കോർപ്പറേഷൻ ലൈസൻസ് ഇല്ല. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർദ്ദിഷ്ട പദ്ധതിയുമായി മുൻപോട്ട് പോകുകയാണെങ്കിൽ ഇവരെയും | നിർദ്ദിഷ്ട പദ്ധതി ആവശ്യമാണോ, അനുയോജ്യമാണോ എന്ന് തീരുമാനിക്കലാണ് ഇപ്പോഴത്തെ പ്രക്രിയ. ഭൂമി ഏറ്റെടുക്കുന്ന വേളയിൽ പുനരധിവാസ പുനഃസ്ഥാപനത്തിൻെറ പര്യാപ്തതയെക്കുറിച്ചുള്ള ആശങ്കകൾ പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | നഷ്ടപരിഹാരത്തിനായി പരിഗണിക്കുക.<br><br>-ഇതിൽ പങ്കെടുക്കുന്നവരുടെ അന്തിമമായ അഭിപ്രായം നിർദ്ദിഷ്ട പദ്ധതിയുമായി മുൻപോട്ട് പോകരുതെന്നാണ്. | |
| 4 | അനിൽ കുമാർ (സ്റ്റിക്കർ വർക്ക്സ്) | -26 വർഷമായി ഒരു കച്ചവട സ്ഥാപനം നടത്തി വരുന്നു. 6 ജീവനക്കാരും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. കടയിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ടാണ് 3 കുട്ടികളെ നോക്കുന്നത്. നിലവിലെ പദ്ധതിയുടെ വിന്യാസ പ്രകാരം സ്ഥാപനം ഏറ്റെടുക്കപ്പെടുന്നതും ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നതുമാണ്. സ്ഥാപനം ഏറ്റെടുക്കപ്പെട്ടാൽ എന്ത് ചെയ്യും? | ഇത് ഒരു പൊതു ആശങ്ക മാത്രമാണ്. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 5 | ശ്രീകുമാർ (ബി.എം. ടവർ) | -ഒരു ആയുർവേദ ഔഷധശാല നടത്തി വരുന്നു. കെട്ടിടത്തിന്റെ താഴെ നിലയിലാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. നിലവിലെ വിന്യാസ പ്രകാരം സ്ഥാപനം ഏറ്റെടുക്കപ്പെടുന്നില്ലെങ്കിലും സ്ഥാപനത്തോടു ചേർന്നാണ് വിന്യാസം അടയാളപ്പെടുത്തിയിരിക്കുന്നത്. ഇത് സ്ഥാപനത്തിലേക്കുള്ള പ്രവേശനം തടസ്സപ്പെടുത്തുന്നതിനാൽ ഏറ്റെടുക്കപ്പെടുന്നതിന്റെ അതേ പ്രത്യാഘാതം സൃഷ്ടിക്കും. ഉപജീവനമാർഗ്ഗത്തെ ഇത് ബാധിക്കും.<br>-എസ്.ഐ.എ പഠനത്തിനായി വിവരശേഖരണം നടത്തിയിട്ടില്ല. സ്ഥാപനം അടച്ചിട്ടാൽ എന്ത് ചെയ്യും എന്ന കാര്യത്തിൽ ഒരു അറിവും ഇല്ല. | ഇത് ഒരു പൊതു ആശങ്ക മാത്രമാണ്. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 6 | ഹരിഹരൻ | -4 സ്ഥാപനത്തിന്റെ ഉടമയാണ്. 10 അടി വീതിയിൽ സ്ഥാപനം ഏറ്റെടുക്കപ്പെടും. വാടകയിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് ഉപജീവനമാർഗ്ഗം. നിലവിലെ വിന്യാസം 10 അടി പുറകോട്ട് മാറ്റി പുനർരൂപകൽപ്പന ചെയ്താൽ അത് ഉപജീവനമാർഗ്ഗത്തെ ബാധിക്കില്ല. പാർക്കിംഗ് സ്ഥലം ഇല്ലാത്ത ബിസിനസ് സാധ്യമല്ല, അല്ലെങ്കിൽ ബിസിനസിൽ കുറവുണ്ടാകും. പാലാരിവട്ടത്തെ ജനങ്ങൾക്ക് നിർദ്ദിഷ്ട പദ്ധതി ഉപകാരപ്രദമല്ല. | ആവശ്യമായ കുറഞ്ഞ ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 7 | സുജിത്ത് (തോപ്പിൽ സാനിറ്ററി, ജനറൽ സെക്രട്ടറി, വ്യാപാരി വ്യവസായി ഏകോപന സമിതി) | -26 വർഷമായി സ്ഥാപനം നടത്തി വരുന്നു. സ്ഥാപനം ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ലെങ്കിലും നിലവിലെ വിന്യാസം അടയാളപ്പെടുത്തിയിരിക്കുന്നത് സ്ഥാപനത്തോടു ചേർന്നാണ്. ഇത് ബിസിനസിനെ ബാധിക്കും. സാധനങ്ങളുടെ വിൽപ്പന തുടരുന്നതിനും, ഇറക്കുന്നതിനും ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കും. ഓരോ ചതുരശ്ര അടിക്കും നഷ്ടപരിഹാരം നൽകണം. എല്ലാ സ്ഥാപനങ്ങൾക്കും ഒരേ നഷ്ടപരിഹാരം നൽകരുത്.<br>-നിർമ്മാണം തുടങ്ങുമ്പോൾ പാർക്കിംഗ് സൗകര്യം ലഭ്യമാവാത്തതിനാൽ മരവിച്ച ഘട്ടം പോലെയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചേക്കാം. ഇത് ബാങ്ക് വായ് | ആവശ്യമായ കുറഞ്ഞ ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല.<br><br>നഷ്ടപരിഹാരത്തിന്റെ കാര്യം എസ്.ഐ.എ പഠനത്തിൽ പ്രാധാന്യമുള്ളതല്ല. ഭൂവുടമകൾക്കും വാടകക്കാർക്കു മതിയായ |

| | | | |
|---|---|---|---|
| | | പകളുടെ തിരിച്ചടവിനെ ബാധിക്കും. തൊഴിലാളികളും അനിശ്ചിതത്വത്തിലാണ്. ആയതിനാൽ സ്ഥാപനത്തിലെ തൊഴിലാളികളുടെ ശമ്പളം, കെട്ടിടങ്ങളുടെ വാടക മുതലായവ മെട്രോ വഹിക്കണം.<br>-സ്ഥാപനം മറ്റൊരു സ്ഥലത്തേക്ക് മാറ്റിയാൽ ബിസിനസ് തുടരുവാനാകില്ല.<br>- 2000 ന് ശേഷം വാടക സമ്മതപത്രം ഒന്നും നടന്നിട്ടില്ലെങ്കിലും വിവിധ ഘട്ടങ്ങളിലായി അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. ഇതെല്ലാം നഷ്ടപരിഹാരം നൽകുമ്പോൾ പരിഗണിക്കുക. | നഷ്ടപരിഹാരം നൽകും. |
| 8 | ഫിലോ ജോൺ (എക്സോട്ടിക്ക് സ്പൈസസിൻെറ ഉടമ) | -ഒരു സ്ഥാപനം ഉടമസ്ഥതയിലുണ്ട്. കൂടാതെ 5 വാടകക്കാരും ഇതേ കെട്ടിടത്തിൽ ബിസിനസ് നടത്തിവരുന്നു. പാർക്കിംഗ് സൗകര്യം കുറവാണ്. കെട്ടിടത്തിലേക്കുള്ള പ്രവേശനത്തെ ഏറ്റെടുക്കൽ ബാധിക്കുകയും അത് ബിസിനസിൻെറ നഷ്ടത്തിന് കാരണമാവുകയും ചെയ്യും.<br>-നടപ്പാതയുടെ നിർമ്മാണ വേളയിൽ കെട്ടിടത്തിലേക്കുള്ള കാറുകളുടെ പ്രവേശനത്തിന് സൗകര്യം നൽകുക. | ആവശ്യമായ കുറഞ്ഞ ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 9 | ജോജി (കട ഉടമ) | -പദ്ധതിയുടെ വിന്യാസത്തെക്കുറിച്ചും, ഓരോ സ്ഥാപനത്തിൻെറയും ഏറ്റെടുക്കപ്പെടുന്ന പരിധിയെക്കുറിച്ചും, ഇതിൻെറ നഷ്ടപരിഹാരത്തെക്കുറിച്ചും വ്യക്തത നൽകുക.<br>-പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ സമയം വ്യക്തമാക്കിയില്ലെങ്കിൽ തമ്മനം-പുല്ലേപ്പടി റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കപ്പെട്ടതിൻെറ അതേ സാഹചര്യം ഇവിടേയും ആവർത്തിക്കും.<br>- ഭൂമി ഏറ്റെടുക്കലിനു ശേഷം ബാക്കിയുള്ള നിർമ്മിതികൾ പുനർനിർമ്മിച്ച് ബിസിനസ് തുടരുന്നതിന് കോർപ്പറേഷൻ നിയമങ്ങളിൽ ഇളവ് വരുത്തുക.<br>- ഭൂമി ഏറ്റെടുക്കലിൻെറ ആരംഭത്തിൽ തന്നെ നഷ്ടപരിഹാരം നൽകുക. ഉദ്യോഗസ്ഥരുടെ പുറകെ നഷ്ടപരിഹാരത്തിനുവേണ്ടി നടക്കേണ്ട ഒരു സാഹചര്യം സൃഷ്ടിക്കരുത്. | ഇത് ഒരു പൊതു ആശങ്ക മാത്രമാണ്. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. ബന്ധപ്പെട്ട എല്ലാവരുടേയും അറിവിലേക്കായി വിന്യാസം നേരത്തേ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>ആഘാത ബാധിതമാകുന്ന വ്യക്തികൾക്ക് കാര്യങ്ങൾ കോർപ്പറേഷൻ അധികാരികളിലേക്കോ സർക്കാരിലേക്കോ എത്തിക്കാവുന്നതാണ്. |
| 10 | ഹാഷിം (മോസ്ക്കിൻെറ പ്രതിനിധി) | -വെള്ളിയാഴ്ച്ചകളിൽ ഏകദേശം 300 പേർ നിസ്ക്കരിക്കുവാനായി വരുന്നുണ്ട്. പണമടച്ച് പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം മെട്രോ നൽകണം. പാർക്കിംഗിനുള്ള പരിഹാരം മെട്രോ കണ്ടെത്തണം. കടകൾക്കും മത സ്ഥാപനങ്ങൾക്കുമുള്ള പാർക്കിംഗ് ആവശ്യമാണ്. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. |
| 11 | അഷ്റഫ് (കട ഉടമ) | -ഭൂമി ഏറ്റെടുക്കൽ സ്ഥാപനത്തെ ബാധിക്കുന്നില്ലെങ്കിലും പർക്കിംഗ് സൗകര്യം നഷ്ടമാകുന്നു. ഇത് ബിസിനസിനെ ബാധിക്കും.<br>-ഭൂമി ഏറ്റെടുക്കുന്ന വേളയിലും, | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല.<br><br>നിലവിലുള്ള നിയമങ്ങൾ പരിഗണിച്ച് |

| | | | |
|---|---|---|---|
| | | നിർമ്മാണ വേളയിലുമുള്ള ബിസിനസിൻെറ നഷ്ടത്തിന് ഒരു പരിഹാരം വേണം.<br>-സ്ഥാപനത്തിലേക്കുള്ള പ്രവേശനോപാധി നൽകുക.<br>-പദ്ധതിയുടെ അംഗീകാരത്തെക്കുറിച്ചും, പദ്ധതി ആരംഭിക്കുന്ന തീയ്യതിയെക്കുറിച്ചും, സ്ഥാപനം മാറ്റി സ്ഥാപിക്കണോ എന്നതിനെക്കുറിച്ചും വ്യക്തത നൽകണം. | നടപ്പിലാക്കാവുന്നതാണ്. |
| 12 | ഷാജി | -പുക പരിശോധന കേന്ദ്രം നടത്തുന്നു. ഭൂമി ഏറ്റെടുക്കലിൽ പാർക്കിംഗ് സൗകര്യത്തെ ബാധിക്കുന്നു. പാർക്കിംഗ് സൗകര്യമില്ലാതെ ബിസിനസ് തുടർന്നാൽ അടച്ച് പൂട്ടേണ്ടതായി വരും.<br>-താമസിച്ചുള്ള നഷ്ടപരിഹാരം നൽകൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കും.<br>-വിവരശേഖരണത്തിൻെറ സമയത്ത് വിശദമായ മറുപടി നൽകുവാൻ മാനസികമായി ഒരു തയ്യാറെടുപ്പില്ലായിരുന്നു. സമഗ്രമായ ഒരു വിവരശേഖരണം നടത്തുവാൻ എസ്.ഐ.എ യൂണിറ്റിനോട് നിർദ്ദേശിക്കുന്നു.<br>-ബിസിനസ്, വരുമാനം മുതലായവയുടെ തരങ്ങൾ പരിഗണിച്ച് ഓരോന്നിനും അനുയോജ്യമായ നഷ്ടപരിഹാര പാക്കേജുകൾ നൽകി ഫൈനൽ റിപ്പോർട്ടിൽ അവതരിപ്പിക്കുക. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല.<br><br>“ഞങ്കസ്സതക്ക““ ക്യന്ധൽ മതിയായ നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥകൾ ഉണ്ട്. |
| 13 | ബൈജു ഭാർഗ്ഗവൻ (ഔട്ട് ലുക്ക് കൺസ്ട്രക്ഷൻ,എഞ്ചിനിയേഴ്സ് അസോസിയേഷൻ ജില്ല സെക്രട്ടറി) | -നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഒരു ഓഫീസും, പണമടച്ച് പാർക്കിംഗിനുള്ള സൗകര്യവും നടത്തുന്നു. ഈ ഭൂമിയേയും നിർമ്മിതിയേയും ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്നു.<br>-ജെ.എൽ.എൻ മുതൽ കാക്കനാട് വരെയുള്ള ഒരു മെട്രോയുടെ ആവശ്യകത ഇല്ല. കാക്കനാട് ഭാഗത്തേക്കുള്ള മെട്രോയുടെ നീട്ടൽ പാലാരിവട്ടം ബൈപ്പാസ് കടന്നാണ് പോകുന്നത്. ഈ ഭാഗത്ത് തൂണുകൾ വളരെ ഉയരത്തിൽ വേണ്ടിവരുന്നതിനാൽ ചിലവ് കൂടുതലായിരിക്കും.<br>-പാർക്കിംഗ് സൗകര്യം ഇല്ലെങ്കിൽ ബിസിനസ് നടത്തുവാൻ ബുദ്ധിമുട്ടാണ്. ഇത് ബിസിനസ് അടച്ച് പൂട്ടുന്നതിന് കാരണമാകും. പാർക്കിംഗിനുള്ള വ്യവസ്ഥകൾ മെട്രോ നൽകണം.<br>- മെട്രോ പദ്ധതി നടപ്പിലായാൽ ഇപ്പോൾ ഉള്ള നല്ല ബിസിനസ് തിരികെ കിട്ടാൻ സാധ്യത ഇല്ല. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല.<br><br>ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. അനുയോജ്യമായ സമയത്ത് സാങ്കേതിക കാര്യങ്ങൾ പരിഗണിക്കുന്നതാണ്. |
| 14 | ചന്ദ്രമോഹൻ | -ഒരു കുടുംബത്തിൻെറ ഉടമസ്ഥതയിലുള്ള ഒന്നിലധികം നിലകളുള്ള കെട്ടിടത്തിൻെറ മുന്നിൽ ഒരു ഭാഗവും മെട്രോയ്ക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്നു. 2001 ൽ 5 സെൻറ് ഭൂമി കേരള സർക്കാറിന് സൗജന്യമായി നൽകി | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല.<br><br>നഷ്ടപരിഹാരത്തിൻെറ കാര്യം ഭൂമി ഏറ്റെടുക്കൽ അധികാരി |

| | | | |
|---|---|---|---|
| | | യിരുന്നു. സൗജന്യമായി നൽകിയതിൻെറ പ്രത്യേകാവകാശങ്ങളോടു കൂടി, നിർമ്മിതിക്കുള്ള നിയമങ്ങൾ എഴുതിത്തള്ളുകയും നിലവിലെ കെട്ടിടം നിർമ്മിക്കുകയും ചെയ്തു.<br>-മെട്രോയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനുശേഷം പുതിയ ഒരു കെട്ടിടം നിർമ്മിക്കുക എന്നത് ദുഷ്കരമാണ്. നേരത്തെ സൗജന്യമായി ഭൂമി നൽകിയ ഭൂവുടമകളെ പ്രത്യേക വിഭാഗമായി പരിഗണിക്കുകയും അതനുസരിച്ച് നഷ്ട പരിഹാരം നൽകുകയും ചെയ്യുക. | പരിഗണിക്കുന്നതാണ്. |
| 15 | ഗംഗാധരൻ (നട്ടായിക്കോടത്ത് ബിൽഡിങ്ങിൻെറ ഉടമകളിൽ ഒരാൾ) | -നട്ടായിക്കോടത്ത് ബിൽഡിങ്ങിൻെറ എതിർവശത്തുള്ള ഒഴിഞ്ഞ സ്ഥലം ഉപയോഗപ്പെടുത്തി മെട്രോയുടെ വിന്യാസത്തിന് മാറ്റം വരുത്തിയാൽ കെട്ടിടത്തെ ഭൂമി ഏറ്റെടുക്കലിൽനിന്ന് ഒഴിവാക്കാൻ സാധിക്കും.<br>-റോഡിൻെറ തെക്ക് ഭാഗത്ത് കെട്ടിടം നിർമ്മിച്ചാൽ, അത് പുറമ്പോക്ക് ഭൂമിയാണ്. ഈ പുറമ്പോക്ക് ഭൂമി ഏറ്റെടുത്താൽ ഗവണ്മെൻറിന് ഒരു വലിയ നഷ്ടപരിഹാര തുക സംരക്ഷിക്കാൻ കഴിയും. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല.<br><br>സ്പീക്കറുടെ ആശങ്കകൾ ഏറ്റെടുക്കുന്നതായിരിക്കും. |
| 16 | രാജ്കുമാർ (കൊച്ചിനേത്ത് ബിൽഡിംഗ്) | -വിന്യാസം അടയാളപ്പെടുത്തിയപ്പോൾ അറിയിച്ചില്ല.<br>-നിലവിലെ വിന്യാസപ്രകാരം 3 അടി സ്ഥലം നഷ്ടമാകും. അതായത് കെട്ടിടത്തിൻെറ ഷട്ടർ വരെയും മുകളിലെ നിലയിലേക്കുള്ള വഴി വരേയുമുള്ള സ്ഥലം നഷ്ടപ്പെടും. മുകളിലെ നിലയിൽ പ്രവർത്തിക്കുന്ന ഒരു ബാങ്കിന് അതിൻെറ പ്രവേശനോപാധി നഷ്ടമാകും. -മെട്രോയുടെ ഒന്നാം ഘട്ടത്തിൽ വളരെ യധികം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഒന്നാം ഘട്ട മെട്രോ നിർമ്മാണത്തിനു ശേഷം റോഡിൽനിന്നും കടകളിലേക്കുള്ള പ്രവേശനം നഷ്ടപ്പെട്ടിരുന്നു. വളരെക്കാലത്തെ കാത്തിരിപ്പിനു ശേഷം മെട്രോയുടെ പ്രോത്സാഹനത്തോടുകൂടി കട ഉടമകൾ നിർമ്മിതികളിലേക്കുള്ള പ്രവേശനം നടപ്പിലാക്കി.<br>-നിർമ്മിതികളെ ബാധിക്കാത്ത വിധത്തിൽ വിന്യാസത്തിൽ മാറ്റം വരുത്തണമെന്ന് മെട്രോ ഉദ്യോഗസ്ഥരോട് അപേക്ഷിക്കുന്നു. | വിന്യാസം അടയാളപ്പെടുത്തിയത് പൊതുവായിട്ടാണ്.<br><br>വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല. |
| 17 | ഷംസുദീൻ | -ഈ പദ്ധതിയോട് ആരും സംതൃപ്തരല്ലാത്തതിനാൽ ഈ പദ്ധതി ഉപേക്ഷിക്കുക.<br>-മെട്രോ ലൈനിന് കീഴിലുള്ള പൂന്തോട്ടത്തിൻെറ ആവശ്യകത ഇല്ല. മെട്രോയ്ക്ക് കീഴിലുള്ള സ്ഥലം ഉപയോഗശൂന്യമാണ്. ആ സ്ഥലം പാർക്കിംഗിനായി നൽകുക.<br>-കടകളിലെ ജീവനക്കാർക്കുള്ള നഷ്ട പരിഹാരം നൽകുക. | മറ്റ് ഇതര മാർഗ്ഗങ്ങൾ സ്പീക്കർ നിർദ്ദേശിച്ചിട്ടില്ല.<br><br>അനുയോജ്യമായ നഷ്ടപരിഹാരം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| 18 | അരുണൻ | -മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പ്രതികൂലമായ പ്രത്യാഘാതങ്ങൾ സംഭവിച്ച 26 വർഷത്തിലധികമായി പ്ലൈവുഡ് ബിസിനസിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരാളാണ്. ചെറിയ അളവിലുള്ള പ്ലൈവുഡിൻെറ വിൽപ്പനയ്ക്ക് അവ മുറിക്കുവാനുള്ള സ്ഥലം അനിവാര്യമാണ്. സ്ഥാപനത്തിനു മുൻപിലുള്ള സ്ഥലം മെട്രോയ്ക്കുവേണ്ടി ഏറ്റെടുക്കപ്പെടുന്നതിനാൽ നിലവിലെ പ്രദേശത്ത് ബിസിനസ് തുടരാനാവില്ല.<br>-അടയാളപ്പെടുത്തിയ വിന്യാസ പ്രകാരം ഷട്ടർ വരെയുള്ള ഭാഗം ഏറ്റെടുക്കപ്പെടുന്നു.ആയതിനാൽ ഓവുചാൽ കടയോട് ചേർന്ന് വരും. മഴക്കാലത്ത് ഓവുചാലിൽ നിന്നുള്ള ജലം കടയിലേക്ക് ഒഴുകുകയും അത് പ്ലൈവുഡ് അസംസ്കൃത വസ്തുക്കളെ നശിപ്പിക്കുകയും ചെയ്യും.<br>-നിർദ്ദിഷ്ട വിന്യാസപ്രകാരം സ്ഥാപനത്തിൻെറ സൺഷെയ്ഡ് പൊളിച്ച് മാറ്റപ്പെടും. ആയതിനാൽ മഴ വെള്ളം കടയ്ക്കുള്ളിലേക്ക് കടക്കുകയും പ്ലൈവുഡിന് കേടുവരുത്തുകയും ചെയ്യുന്നു.<br>-ഈ വാർദ്ധക്യത്തിൽ മറ്റൊരു ജോലി നോക്കുക എന്നത് അസാധ്യമാണ്. പുതിയ ഒരു സ്ഥലത്തേക്ക് കട മാറ്റുക എന്നതും ബുദ്ധിമുട്ടാണ്. കെട്ടിടത്തിൻെറ സൺഷേയ്ഡ് പൊളിച്ച് മാറ്ററുതെന്ന് അഭ്യർത്ഥിക്കുന്നു. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. ഇതര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടില്ല.<br>സ്ഥാപനം ഏറ്റെടുക്കുകയാണെങ്കിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകുന്നതാണ്. |
| 19 | ബെന്നി | -പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെയുള്ള മെട്രോയുടെ ആവശ്യകത ഇല്ല. കളമശ്ശേരി മുതൽ കാക്കനാട് വരെയുള്ള ഒരു പുതിയ വിന്യാസം നിർദ്ദേശിക്കുന്നു. പാലാരിവട്ടത്തെ ജനങ്ങൾക്ക് ആവശ്യത്തിന് യാത്രാ സൗകര്യങ്ങൾ ഉണ്ട്.<br>-പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള ഭൂമി ഏറ്റെടുക്കൽ ഏകദേശം 3000 ചെറുകിട ബിസിനസുകാരെ ബാധിക്കും. അവയെ മാറ്റി സ്ഥാപിക്കൽ അസാധ്യമാണ്. സ്ഥാപനങ്ങളെ ബാധിക്കാത്ത വിധത്തിൽ പദ്ധതി നടപ്പിലാക്കുക. | വാണിജ്യ പ്രവർത്തനത്തിൻെറ കാഴ്ച്ചപ്പാടിൽ സ്പീക്കർ നിർദ്ദേശിച്ച ബദൽ മാർഗ്ഗം ലാഭകരമല്ല.<br>വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. |
| 20 | സുരേഷ് | -സ്ഥാപനത്തിൻെറ തെക്ക് വശത്തുള്ള വസ്തു കൈയ്യേറ്റ പ്രദേശമാണ്. ആ പ്രദേശം ഏറ്റെടുക്കുകയാണെങ്കിൽ ഇടത് വശത്തുള്ള കെട്ടിടങ്ങളെ സംരക്ഷിക്കുവാൻ കഴിയും.<br>-എതിർവശത്തുള്ള നിർമ്മിതിയുടെ പാർക്കിംഗ് സ്ഥലം ഏറ്റെടുക്കലിൽ നിന്ന് ഒഴിവാക്കുക. നഷ്ടപരിഹാരത്തിന് കൂടുതൽ തുക ചിലവഴിക്കാതെ തന്നെ മെട്രോ പദ്ധതി നടപ്പിലാക്കുവാൻ കഴിയും. | വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കില്ല. |
| | | | |

**പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്തവരുടെ ഉപസംഹാര നിർദ്ദേശങ്ങൾ**

നിർദ്ദിഷ്ട പദ്ധതി നിരവധി പേരുടെ ബിസിനസിനേയും ഉപജീവനമാർഗ്ഗത്തേയും ബാധിക്കുന്നതിനാൽ പബ്ലിക്ക് ഹിയറിങ്ങിൽ പങ്കെടുത്ത എല്ലാവരും ഏകകണ്ഠമായി പദ്ധതി ഉപേക്ഷിക്കുവാൻ നിർദ്ദേശിച്ചു. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോയുടെ വികസനം പാലാരിവട്ടത്തെ ജനങ്ങൾക്ക് ആവശ്യമില്ല. കളമശ്ശേരിയിൽ നിന്ന് കാക്കനാട് വരെയും അവിടെ നിന്ന് തൃപ്പൂണിത്തുറ വരെയുമുള്ള കുറച്ച് ജനങ്ങളെ മാത്രം ബാധിക്കുന്ന ഒരു ബദൽ മാർഗ്ഗം പരിഗണിക്കുവാൻ അവർ നിർദ്ദേശിച്ചു.

**കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ ഉപസംഹാര പരാമർശങ്ങൾ**

സെക്ഷൻ 17A പ്രകാരം എസ്.ഐ.എ യൂണിറ്റ് താഴെ പറയുന്നവ നിർണ്ണയിക്കുന്നതിനുവേണ്ടി പ്രസക്തമായ ഭൂമി രേഖകളുടേയും ഡാറ്റയുടെയും സമഗ്ര വിശകലനം സ്ഥല പരിശോധന, സമാന പദ്ധതികളുമായി അവലോകനം ചെയ്യുകയും താരതമ്യ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ വിലയിരുത്തൽ നടത്തുക.

a) ആഘാതമാകുന്ന പ്രദേശം/സാമൂഹിക, പാരിസ്ഥിക അല്ലെങ്കിൽ മറ്റ് പ്രത്യാഘാതങ്ങളാൽ ബാധിതമാകുന്ന പ്രദേശം.
b) ഭൂമിയുടെ അളവും സ്ഥാനവും.
c) ഏറ്റവും കുറവ് ഭൂമി ആവശ്യമായി വരുന്നതാണോ?
d) സാധ്യതയുള്ള ബദൽ പ്രദേശങ്ങളും അവയുടെ സാധ്യതയും
e) പട്ടിക പ്രദേശത്തെ ഭൂമി ഏറ്റെടുക്കലിനുള്ള നിർദ്ദേശം സാദ്ധ്യമായ അവസാനത്തെ വഴിയാണോ?
f) നിലവിൽ ഏതെങ്കിലും ഭൂമി വാങ്ങുകയോ അന്യാധീനപ്പെടുത്തുകയോ, പാട്ടത്തിനു കൊടുക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ ഓരോ പ്ലോട്ടിന്റെയും നിർദ്ദിഷ്ട ഉപയോഗം.
g) പൊതുജനങ്ങൾ ഉപയോഗിക്കുന്നതോ ഉപയോഗശൂന്യമായതോ ആയ ഭൂമി.
h) ഭൂമിയുടെ സ്വഭാവം, നിലവിലെ ഉപയോഗവും തരവും, ജലസേചന ലഭ്യത, വിളകളുടെ രീതി.
i) ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ.
j) കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം, പൊതു സ്വകാര്യ ഗതാഗത, വാർത്താ വിതരണ സേവന സൗകര്യ വ്യവസ്ഥകളും ആസ്തികളും.
k) കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും ഉപയോഗവും.

മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിന് നിലവിലുള്ള റോഡിന്റെ വീതി കൂട്ടേണ്ടത് അത്യാവശ്യമാണ്. മെട്രോയുടെ നിർമ്മാണത്തിന്റെ സമയത്തും നിർമ്മാണത്തിനു ശേഷവുമുള്ള സുഗമമായ ഗതാഗതത്തിനുമായി ഏറ്റവും കുറവ് ഭൂമിയാണ് കൊച്ചി മെട്രോ റെയിൽവേ ലിമിറ്റഡ് നിർദ്ദേശിക്കുന്നത്. വിന്യാസത്തിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല.

പൊതു ജനങ്ങൾക്ക് നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹിക ആഘാതം കണക്കിലെടുത്ത് അവയുടെ ഗുണങ്ങളും ദോശങ്ങളും വിലയിരുത്താനും ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമുള്ള ഒരു അവസരമാണ് പബ്ലിക്ക് ഹിയറിംഗ്. പബ്ലിക്ക് ഹിയറിംഗിൽ ആരും നിർദ്ദിഷ്ട പദ്ധതിക്ക് ബദൽ മാർഗ്ഗം നിർദ്ദേശിച്ചിട്ടില്ല. ഭൂരിഭാഗം പേരും പങ്കുവച്ചത് അവരുടെ ഉപജീവനമാർഗ്ഗത്തിനും ബിസിനസിനുമുള്ള നഷ്ടത്തെക്കുറിച്ചുള്ള ആശങ്കകളും, പാർക്കിംഗ് സ്ഥലം നഷ്ടമാകുന്നതിനെക്കുറിച്ചും, നഷ്ടപരിഹാരത്തിന്റെ അപര്യാപ്തതയെക്കുറിച്ചും, പുനരധിവാസ പുന:സ്ഥാപന പാക്കേജുകളെക്കുറിച്ചുമാണ്.

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തികളുടെ മുന്നോടിയായുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള റോഡിൻെറ വീതി കൂട്ടുന്നതിന്, 0.5835 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട 39, 40, 44 വാർഡുകളിലാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. നിർദ്ദിഷ്ട പ്രദേശം നിലവിലെ ജവഹർലാൽ നെഹ്റു-പാലാരിവട്ടം റോഡിൻെറ ഇരുവശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നത്.

**ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ രൂപരേഖ**




### 4.2 പദ്ധതിയുടെ സ്വാധീനം മൂലം പ്രത്യാഘാത ബാധിതമാകുന്ന മൊത്തം പ്രദേശം

നിലവിലെ ഭൂമി ഏറ്റെടുക്കൽ വിന്യാസത്തിൻെറ രൂപരേഖയും, പദ്ധതി പ്രദേശത്തുനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരവും നിർദ്ദിഷ്ട പദ്ധതി 185 കുടുംബങ്ങളേയും 2 മതപരമായ സ്ഥാപനങ്ങളേയുമാണ് പ്രത്യക്ഷമായി

ബാധിക്കുന്നത്. പദ്ധതി പ്രദേശത്തെ ഭൂവുടമകളും, വാടകക്കാരും, കച്ചവട സ്ഥാപനങ്ങളുടെ ഉടമകളുമാണ് പദ്ധതി ബാധിത കുടുംബങ്ങൾ.

**4.3 പദ്ധതിയ്ക്കാവശ്യമായമൊത്തം ഭൂമി**

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള റോഡിൻെറ വീതി കൂട്ടുന്ന നിർദ്ദിഷ്ട പദ്ധതിക്ക് 0.5835 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. എറണാകുളം ജില്ലയിലെ കാനയന്നൂർ താലൂക്കിൽപ്പെട്ട പൂനിത്തുറ വില്ലേജിലെ 96 വസ്തുവകകളാണ് ഭൂമി ഏറ്റെടുക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നത്. 4 വസ്തുവകകളുടെ ഉടമകളെ പഠന സംഘത്തിന് കണ്ടെത്താനായിട്ടില്ല. 2 ഉടമകൾ പഠനവുമായി സഹകരിച്ചില്ല.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഇല്ല.

**4.5.പദ്ധതിക്കായി വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്യിട്ടില്ല.

**4.6. ഏറ്റെടുക്കുന്നസ്ഥലത്തിൻെറ ഗുണവും പ്രദേശവും**

എറണാകുളം ജില്ലയിലുൾപ്പെട്ട ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിനും പാലാരിവട്ടത്തിനും ഇടയിലുള്ള ഏകദേശം 850 മീറ്റർ നീളത്തിലുള്ള പ്രദേശമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന നിർദ്ദിഷ്ട പ്രദേശം. ഭൂമി ഏറ്റെടുപ്പിൻെറ നിർദ്ദിഷ്ട പ്രദേശം വാണിജ്യപരമായി പ്രാധാന്യമർഹിക്കുന്നതാണ്.

**4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

താഴെകൊടുത്തിരിക്കുന്ന രേഖാ ചിത്രം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പ്രദേശത്തിൻെറ സ്ഥലങ്ങളുടെ തരത്തെ സൂചിപ്പിക്കുന്നു. ഏറ്റെടുക്കപ്പെടുന്ന 88 ശതമാനം വസ്തുക്കൾ

“പുരയിടം” വിഭാഗത്തിലും, 12% “ നിലം ഇപ്പോൾ പുരയിടം” വിഭാഗത്തിലും പെടുന്നു.

**ചിത്രം 4.2 സ്ഥലങ്ങളുടെ തരം**




**ഭൂമിയുടെ ഉപയോഗം**

ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗമാണ് 4.3 ലെ ചിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ആഘാത ബാധിതമാകുന്ന 83 ശതമാനം ഭൂമിയും പ്രധാനമായും ബിസിനസ് പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. 6 ശതമാനം തുറസ്സായ ഭൂമിയും, 5 ശതമാനം താമസത്തിനും 4 ശതമാനം വസ്തുവകകൾ മതപരമായ ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നത്.

**ചിത്രം 4.3. ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം**



**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

റവന്യൂ വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങളും, ഭൂരേഖകളും ആഘാത ബാധിതരിൽ നിന്നും ലഭ്യമായ വിവരങ്ങളും സൂചിപ്പിക്കുന്നത് 96 വസ്തുവകകളിൽ 92 വസ്തുക്കളും സ്വകാര്യവസ്തുക്കളും 4 എണ്ണം പുറമ്പോക്ക് ഭൂമിയുമാണ്. സ്വകാര്യ വസ്തുക്കളിൽ ഏക വ്യക്തി ഉടമസ്ഥാവകാശവും ഒന്നിലധികം ഉടമസ്ഥാവകാശവും ഉള്ളതാണ്. താമസത്തിനായി ഉപയോഗിക്കുന്ന 4 വസ്തുവകകൾ നിർദ്ദിഷ്ട പ്രദേശത്തുണ്ട്.

**പട്ടിക 4.1 കൈവശമുള്ള സ്ഥലത്തിന്റെ വലുപ്പവും ഉടമസ്ഥാവകാശ വിശദാംശങ്ങളും**

| **നമ്പർ** | **സർവ്വേ നമ്പർ** | **സ്ഥലത്തിന്റെ ഉടമസ്ഥത** | **വ്യാപ്തി (ഹെക്ടറിൽ)** |
|---|---|---|---|
| **1** | 1/1-9 | വ്യക്തിഗതം | ലഭ്യമല്ല |
| **2** | 1/7 പാർട്ട് | വ്യക്തിഗതം | ലഭ്യമല്ല |
| **3** | 1/7-12 | വ്യക്തിഗതം | ലഭ്യമല്ല |
| 4 | 4/1 പാർട്ട് | വ്യക്തിഗതം | 0.0180 |
| 5 | 4/1-7 | | |
| 6 | 4/1-8 | | |
| 7 | 4/5പാർട്ട് | വ്യക്തിഗതം | |
| 8 | 5 | വ്യക്തിഗതം | 0.0535 |
| 9 | 5/2 പാർട്ട് | വ്യക്തിഗതം | |
| 10 | 6/1പാർട്ട് | പുറമ്പോക്ക് | 0.0025 |
| 11 | 6/2 പാർട്ട് | വ്യക്തിഗതം | 0.0165 |
| 12 | 6/3 പാർട്ട് | വ്യക്തിഗതം | |
| 13 | 6/3-2-2 | | |
| 14 | 6/3-3 | | |
| 15 | 6/3-4 | | 0.0185 |
| 16 | 6/4 പാർട്ട് | വ്യക്തിഗതം | 0.0095 |
| 17 | 6/5 പാർട്ട് | വ്യക്തിഗതം | |
| 18 | 6/5-2 | | 0.0165 |
| 19 | 18/4 പാർട്ട് | വ്യക്തിഗതം | 0.0225 |

| | | | |
|---|---|---|---|
| 20 | 18/13 പാർട്ട് | വ്യക്തിഗതം | ലഭ്യമല്ല |
| 21 | 18/14 പാർട്ട് | വ്യക്തിഗതം | ലഭ്യമല്ല |
| 22 | 19/2-2 | വ്യക്തിഗതം | ലഭ്യമല്ല |
| 23 | 19/3 പാർട്ട് | വ്യക്തിഗതം | 0.0015 |
| 24 | 19/3-2 | വ്യക്തിഗതം | |
| 25 | 19/4 പാർട്ട് | വ്യക്തിഗതം | 0.0025 |
| 26 | 19/4-4 | വ്യക്തിഗതം | |
| 10 | 19/5 പാർട്ട് | വ്യക്തിഗതം | |
| 11 | 19/5-6 | വ്യക്തിഗതം | 0.0050 |
| 12 | 19/5-8 | വ്യക്തിഗതം | |
| 13 | 19/6 പാർട്ട് | പുറമ്പോക്ക് | 0.0015 |
| 14 | 20/1 പാർട്ട് | വ്യക്തിഗതം | |
| 15 | 20/1-4 | | 0.0115 |
| 16 | 20/3 പാർട്ട് | വ്യക്തിഗതം | 0.0050 |
| 17 | 20/3-7 | | |
| 18 | 20/4 പാർട്ട് | വ്യക്തിഗതം | |
| 19 | 20/4-4 | | 0.0125 |
| 20 | 20/4-5 | | |
| 21 | 20/5 പാർട്ട് | വ്യക്തിഗതം | |
| 22 | 20/5-2 | | 0.0040 |
| 23 | 20/6 പാർട്ട് | വ്യക്തിഗതം | 0.0030 |
| 24 | 22/1 പാർട്ട് | വ്യക്തിഗതം | ലഭ്യമല്ല |
| 25 | 22/1-2 | വ്യക്തിഗതം | ലഭ്യമല്ല |
| 26 | 32/1 പാർട്ട് | വ്യക്തിഗതം | |
| 27 | 32/1-5 | | 0.0480 |
| 28 | 32/1-15 | | |
| 29 | 32/1-16 | | |
| 30 | 32/2 പാർട്ട് | വ്യക്തിഗതം | 0.0175 |
| 31 | 32/2-4 | | |
| 32 | 33/1 പാർട്ട് | | |

| | | | |
|---|---|---|---|
| 33 | 33/1-2 | | |
| 34 | 33/1-3 | | |
| 35 | 33/1-4-2 | | |
| 36 | 33/1-5 | വ്യക്തിഗതം | 0.0335 |
| 37 | 33/1-9 | | |
| 38 | 33/1-11 | | |
| 39 | 33/1-12 | | |
| 40 | 35/3-4 | വ്യക്തിഗതം | ലഭ്യമല്ല |
| 41 | 38/1 പാർട്ട് | വ്യക്തിഗതം | 0.0210 |
| 42 | 38/1-9 | വ്യക്തിഗതം | |
| 43 | 39/1 പാർട്ട് | വ്യക്തിഗതം | 0.0250 |
| 44 | 39/1 -7 | വ്യക്തിഗതം | |
| 45 | 39/2 പാർട്ട് | വ്യക്തിഗതം | 0.0005 |
| 46 | 39/41 പാർട്ട് | വ്യക്തിഗതം | 0.0340 |
| 47 | 39/42 പാർട്ട് | വ്യക്തിഗതം | 0.0005 |
| 48 | 39/99 പാർട്ട് | വ്യക്തിഗതം | 0.0140 |
| 49 | 41 | വ്യക്തിഗതം | 0.0340 |
| 50 | 41/2A പാർട്ട് | വ്യക്തിഗതം | |
| 51 | 42 | വ്യക്തിഗതം | 0.0005 |
| 52 | 42/9 പാർട്ട് | വ്യക്തിഗതം | |
| 53 | 99 | വ്യക്തിഗതം | 0.0140 |
| 54 | 100/3 പാർട്ട് | വ്യക്തിഗതം | |
| 55 | 100/3-4 | | 0.0395 |
| 56 | 100/3-9 | | |
| 57 | 101/1 പാർട്ട് | വ്യക്തിഗതം | |
| 58 | 101/1b | | |
| 59 | 101/1-7 | | 0.0265 |
| 60 | 101/1-13 | | |
| 61 | 101/3 പാർട്ട് | വ്യക്തിഗതം | 0.0120 |

| | | | |
|---|---|---|---|
| 62 | 101/3-7 | | |
| 63 | 101/4 പാർട്ട് | പുറമ്പോക്ക് | 0.0075 |
| 64 | 102/1 പാർട്ട് | വ്യക്തിഗതം | 0.0345 |
| 65 | 102/1-2 | | |
| 66 | 102/1-5 | | |
| 67 | 102/2-5 | വ്യക്തിഗതം | ലഭ്യമല്ല |
| 68 | 104/1 പാർട്ട് | വ്യക്തിഗതം | 0.0180 |
| 69 | 107/1 പാർട്ട് | പുറമ്പോക്ക് | 0.0475 |
| | Total | | 0.5835 |

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെഭൂമികൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവര പ്രകാരം മൂന്നു വർഷത്തിനിടയിൽ 1 വസ്തുവിൽ ഉടമസ്ഥാവകാശം കൈമാറ്റം നടന്നിട്ടുണ്ട്.

# അദ്ധ്യായം 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പ്രസ്തുത പദ്ധതി മൂലം പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

**5.1.1പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ ( ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)**

185 കുടുംബങ്ങളാണ് നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതർ. ഇതിൽ 91 കുടുംബങ്ങൾക്ക് കൈവശാവകാശം ഉണ്ടെങ്കിലും 94 കുടുംബങ്ങൾക്ക് കൈവശാവകാശം ഇല്ല. കൈവശാവകാശം ഉള്ളവയിൽ 2 എണ്ണം മതപരമായ സ്ഥാപനമാണ്. പദ്ധതി പ്രദേശത്ത് കഴിഞ്ഞ 3 വർഷമായി ജോലി ചെയ്യുന്ന തൊഴിലാളികളും പദ്ധതിയുടെ ആഘാത ബാധിതരാണ്. അവരിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നതിനാൽ അവകാശം കാണിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ആയതിനാൽ അവരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിവരശേഖരണത്തിൽ നൽകിയിട്ടില്ല.

**പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:**

**പട്ടിക 5.1. മതവിഭാഗമനുസരിച്ച് കുടുംബങ്ങളുടെ എണ്ണം**

| മതം | ശതമാനം |
|---|---|
| ഹിന്ദു | 63 |
| മുസ്ലീം | 17 |
| ക്രിസ്റ്റ്യൻ | 20 |
| ആകെ | **100** |

ആഘാതബാധിതരാകുന്ന കുടുംബങ്ങളിൽ 63% പേർ ഹിന്ദു മതത്തിലും 17% പേർ മുസ്ലിം മതത്തിലും 20% പേർ ക്രിസ്റ്റ്യൻ മതത്തിലും ഉള്ളവരാണെന്ന് പട്ടിക 5.1. വെളിവാക്കുന്നു.

**പട്ടിക 5.2.ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹ്യവിഭാഗം**

| ജാതി | ശതമാനം |
|---|---|
| മറ്റ് പിന്നോക്ക വിഭാഗം | 63 |
| പൊതുവിഭാഗം | 34 |
| പട്ടിക വർഗ്ഗം | 2 |
| പട്ടിക ജാതി | 1 |
| ആകെ | 100 |

ആഘാത ബാധിതരാകുന്ന കുടുംബങ്ങളിൽ 63% കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും 34% കുടുംബങ്ങൾ പൊതുവിഭാഗത്തിലും 2% കുടുംബങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിലും 1% കുടുംബങ്ങൾ **പട്ടിക** ജാതി വിഭാഗത്തിലും ഉള്ളവരാണെന്ന് പട്ടിക 5.2. വെളിവാക്കുന്നു

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല

5.3. **പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പഠനം നടത്തിയ കുടുംബങ്ങളിൽ 140 പേർ ഉപജീവനത്തിനായി നിർദ്ദിഷ്ട ഭൂമിയെ ആശ്രയിക്കുന്നവരാണ്.

**5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പാലാരിവട്ടം മാർക്കറ്റിനോട് ചെർന്നതും നിരവധി തെരുവ് കച്ചവടക്കാർ നടപ്പാതയിൽ കച്ചവടം ചെയ്യുന്നതുമായ സ്ഥലമാണ് പദ്ധതി പ്രദേശം. അവർ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരാണ്. തെരുവ് കച്ചവടക്കാരുടെ ബിസിനസ് പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കേണ്ടതുണ്ട്. മുഴുവൻ കച്ചവട സ്ഥാപന ഉടമകളും ഭൂമി ഏറ്റെടുക്കലിൻെറ ഭാഗമാകുന്നില്ലെങ്കിലും, നിർമ്മാണ സമയത്ത് പദ്ധതി പ്രദേശത്തെ ബിസിനസ് കുറയും എന്നതിനാൽ അവരുടെ ഉപജീവന മാർഗ്ഗത്തെ ഇത് പരോക്ഷമായി ബാധിക്കും.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

വിവിധ സർവ്വേ നമ്പറുകളിലെ 96 വസ്തുവകകളെ ഭൂമി ഏറ്റെടുക്കൽ മൊത്തമായോ ഭാഗികമായോ ബാധിക്കും. കൈവശാവകാശമുള്ള 28 ഉം കൈവശാവകാശമില്ലാത്ത 63 പേരും പദ്ധതി പ്രദേശത്തുനിന്നും മാറ്റിപാർപ്പിക്കേണ്ടി വരും. 4 ആൾ താമസമുള്ള വീടുകളേയും, 87 വാണിജ്യപരമായ സ്ഥാപനങ്ങളേയും മാറ്റിപാർപ്പിക്കേണ്ടിവരും. 87 കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടമാകും. ഭൂമി ഏറ്റെടുക്കൽ മൂലം 153 കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കുറയും. എങ്കിലും അവരിൽ 53 കുടുംബങ്ങൾക്ക് അവരുടെ ഉപജീവന മാർഗ്ഗത്തിന് മറ്റുവരുമാന മാർഗ്ഗങ്ങൾ ഉണ്ട്. 68 നിർമ്മിതികളും ആഘാത ബാധിത വസ്തുവകകളിൽ ഉൾപ്പെടുന്നു. വീടുകൾ, കടകൾ, ഒന്നിലധികം നിലകളുള്ള വാണിജ്യ കെട്ടിടങ്ങൾ, മത സ്ഥാപനങ്ങൾ, ചുറ്റുമതിലുകൾ എന്നിവ നിർമ്മിതികളിൽ ഉൾപ്പെടുന്നു. കൈവശാവകാശമുള്ള ഭൂരിഭാഗം പേരുടേയും പാർക്കിംഗ് ഏരിയ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. വൈദ്യുത തൂണുകൾ, ടെലഫോൺ കേബിളുകൾ, തെരുവ് ലൈറ്റ്, ട്രാൻസ്ഫോമേർസ് എന്നിവ നിലവിലെ സ്ഥാനത്തുനിന്നും മാറ്റി സ്ഥാപിക്കേണ്ടതായി വരും. നിലവിലെ സ്ഥത്തിൻെറ വിന്യാസത്തിൻെറ രൂപരേഖ പ്രകാരം 4 സ്വകാര്യ റോഡുകളേയും 8 പൊതു റോഡുകളേയും ഭൂമി ഏറ്റെടുക്കൽ ബാധിച്ചേക്കാം.

# അദ്ധ്യായം 6

## സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 185 കുടുംബങ്ങളിലെ 693 പദ്ധതി ബാധിത ജനസംഖ്യയെ എസ്.ഐ.എ പഠനസംഘം കണ്ടെത്തി. പദ്ധതി ബാധിതമാകുന്ന ജനസംഖ്യയിൽ 327 പുരുഷന്മാരും, 366 സ്ത്രീകളും ഉൾപ്പെടുന്നു. പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളുടെജനസംഖ്യാപരമായ വിവരങ്ങൾ താഴെ പറയുന്നു.

**പട്ടിക 6.1. ജനസംഖ്യാപരമായ വിവരങ്ങൾ**

| പ്രായം | കുടുംബങ്ങളുടെഎണ്ണം |
|---|---|
| 0-18 | 151 |
| 19-30 | 133 |
| 31-45 | 129 |
| 46-60 | 154 |
| 61 ഉം അതിൽ കൂടുതലും | 126 |
| **ആകെ** | **693** |

**പട്ടിക 6.2. ആഘാതബാധിത ജനങ്ങളുടെ വൈവാഹികാവസ്ഥ**

| വൈവാഹികാവസ്ഥ | ശതമാനം |
|---|---|
| വിവാഹിതർ | 56 |
| അവിവാഹിതർ | 36 |
| ബന്ധം വേർപ്പെടുത്തിയവർ | 1 |
| വിധവ/വിഭാര്യൻ | 7 |

പദ്ധതി ബാധിത ജനങ്ങളിൽ 56 പേർ വിവാഹിതരും, 36 പേർ അവിവാഹിതരും ആണെന്ന് പട്ടിക 6.2. വെളിപ്പെടുത്തുന്നു. 7 വിധവ/വിഭാര്യരും ആഘാതബാധിത ജനവിഭാഗത്തിൽ ഉണ്ട്.

**ചിത്രം 6.1 ആഘാത ബാധിത കുടുംബങ്ങളിലെ വിദ്യാഭ്യാസ യോഗ്യത**




**6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും**

**ചിത്രം 6.2. റേഷൻ കാർഡിൻെറ തരം**




പൊതുവിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിൻെറ അടിസ്ഥാനത്തിൽ ആഘാതബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിൻെറ നിറം

ഏതാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം 6.2. വിവരിക്കുന്നു. 58% കുടുംബങ്ങൾക്ക് വെള്ളയും 33% കുടുംബങ്ങൾക്ക് നീലയും 8% കുടുംബങ്ങൾക്ക് പിങ്കും 1% കുടുംബങ്ങൾക്ക് മഞ്ഞയും നിറത്തിലുള്ള റേഷൻ കാർഡ് ആണ് ലഭ്യമായിരിക്കുന്നത്. അവയിൽ മഞ്ഞയും പിങ്കും കാർഡുകൾ സമൂഹത്തിലെ ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെടുന്നു.

**ചിത്രം 6.3 ആഘാത ബാധിത കുടുംബങ്ങളിലെ മാസവരുമാനം**




20001 ത്തിനും 40000 നും ഇടയിൽ മാസവരുമാനമുള്ള കുടുംബങ്ങളാണ് പദ്ധതി ആഘാത കുടുംബങ്ങളിൽ ഏറ്റവും കൂടുതൽ എന്ന് മുകളിലെ ചിത്രം വിവരിക്കുന്നു. 60001 ത്തിനും 80000 നും ഇടയിൽ മാസവരുമാനമുള്ള കുടുംബങ്ങൾ ഏറ്റവും കുറവാണ്.

### 6.3 ദുർബ്ബല ജനവിഭാഗം

ജനസംഖ്യയുടെ 7 ശതമാനം വിധവ/വിഭാര്യൻ വിഭാഗത്തിൽപ്പെടുന്നതും 1 ശതമാനം വിവാഹ ബന്ധം വേർപ്പെടുത്തിയവരുമാണ്. 60 വയസിനു മുകളിലുള്ളവരുടെ ജനസംഖ്യ 18 ശതമാനമാണ്. ഭിന്നശേഷിയുള്ള ഒരാളെ മാത്രമാണ് പഠന സംഘത്തിന് കണ്ടെത്താനായത്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

83 ശതമാനം പദ്ധതി ബാധിത വസ്തുവകകളും ബിസിനസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് ചിത്രം 4.2 വ്യക്തമാക്കുന്നു. 2 ശതമാനം കുടുംബങ്ങൾ അവരുടെ വസ്തു താമസത്തിനും വാണിജ്യപരമായ ആവശ്യത്തിനും ഉപയോഗിക്കുന്നു.

വാണിജ്യപരമായി പ്രാധാന്യം ഉള്ള ഒരു പ്രദേശമായതിനാൽ, പദ്ധതി ബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം ബിസിനസാണ്. കെട്ടിടങ്ങൾക്കു കിട്ടുന്ന വാടക, പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിൽ നിന്നു കിട്ടുന്ന വാടക എന്നിവയാണ് മറ്റു വരുമാന സ്രോതസുകൾ. അടുത്ത പ്രദേശങ്ങളിലെ നിരവധി ജനങ്ങൾക്ക് പദ്ധതി പ്രദേശം തൊഴിലവസരങ്ങൾ നൽകുന്നു. അസംഘടിത മേഖലയിലാണ് ഈ തൊഴിലാളികൾ പ്രധാനമായും ജോലി ചെയ്യുന്നത്.

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

പ്രദേശത്തെ പ്രധാന സാമ്പത്തിക പ്രവർത്തനം ബിസിനസാണ്. കുറച്ച് ഓഫീസുകളും പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഷോപ്പുകൾ, ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, ബ്യൂട്ടി സലൂണുകൾ, ഓട്ടോ മൊബൈൽ ഷോപ്പുകൾ, ടെക്സ്റ്റയിലുകൾ എന്നിവ ബിസിനസ് വിഭാഗത്തിൽപ്പെടുന്നു. സ്ത്രീകളുടെ സംരംഭകത്വ സംരംഭങ്ങളും പദ്ധതി പ്രദേശത്തെ ബിസിനസാണ്.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

വാണിജ്യപരമായി പ്രാധാന്യമുള്ള പ്രദേശമാണ് പദ്ധതി പ്രദേശം. ഭൂരിഭാഗം കുടുംബങ്ങളുടേയും ഉപജീവനമാർഗ്ഗം ബിസിനസാണ്. കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്ത് കിട്ടുന്ന വരുമാനവും ആഘാത ബാധിത കുടുംബങ്ങളുടെ മറ്റൊരു വരുമാന സ്രോതസാണ്.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത കുടുംബങ്ങളിൽ 79% അണുകുടുംബങ്ങളും 17% കൂട്ടുകുടുംബങ്ങളുമാണ്.

**6.8 ഭരണ സംഘടനകൾ**

പദ്ധതി പ്രദേശം കൊച്ചി കോർപ്പറേഷൻെറ ഭാഗമാണ്. ഭരണ സംഘടനകൾ ഒന്നും പദ്ധതി പ്രദേശത്തില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

പ്രദേശത്തെ ജനങ്ങൾ കമ്മ്യൂണിസ്റ്റ്, കോൺഗ്രസ്, ബിജെപി എന്നീ രാഷ്ട്രീയ സംഘടനകളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടതും അവരുടെ ഇടയിൽ നല്ല ബന്ധം പുലർത്തുന്നവരുമാണ്. ഭൂമി ഏറ്റെടുക്കലിൽ ബാധിതമാകുന്ന ബി.ജെ.പി ഓഫീസ് പദ്ധതി പ്രദേശത്ത് ഉണ്ട്.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

ഭൂരിഭാഗം വാണിജ്യ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു വാണിജ്യ സ്ഥാപന സംഘടനയാണ് വ്യാപാരി വ്യവസായി ഏകോപന സമിതി. പ്രദേശത്തെ ഹോട്ടലുകളുടേയും റസ്റ്റോറൻറുകളുടേയും ഇടയിൽ കേരള ഹോട്ടൽ ആൻറ് റസ്റ്റോറൻറ് അസോസിയേഷൻ സജീവമാണ്. ഭൂരിഭാഗം റസ്റ്റോറൻറുകളുടേയും ഹോട്ടലുകളുടേയും ഉടമകൾ ഈ സംഘടനയിലെ അംഗങ്ങളാണ്. ബേക്കറി ഉടമകൾ ബേക്കറി അസോസിയേഷനിലെ അംഗങ്ങളാണ്.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമ പ്രക്രിയ**

കൊച്ചി നഗരത്തിനൊപ്പം അതിവേഗം വളരുന്ന ഒരു നഗര പ്രദേശമാണ് പദ്ധതി പ്രദേശം. സമീപ പ്രദേശത്തുള്ള ജനങ്ങൾ വിദ്യാഭ്യാസത്തിനും, ജോലിക്കും, വിവിധ സ്ഥലങ്ങളിലേക്ക് ഗതാഗത സൗകര്യം ലഭ്യമാകുന്നതിനും, ഷോപ്പിംഗിനുമായി പാലാരിവട്ടത്ത് എത്തിച്ചേരുന്നു. കടകളുടെ ഒരു കേന്ദ്രമാണ് ഈ പ്രദേശം. പാലാരിവട്ടം മാർക്കറ്റ് പദ്ധതി പ്രദേശത്തിനടുത്താണ്. പദ്ധതി, നിർദ്ദിഷ്ട പ്രദേശത്ത് നല്ല മാറ്റങ്ങളും വികസനവും കൊണ്ടുവരും.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

ജനങ്ങൾക്ക് വേണ്ടതായ എല്ലാ സേവനങ്ങളുടേയും ലഭ്യത പദ്ധതി പ്രദേശത്തുണ്ട്. പദ്ധതി പ്രദേശം നഗര പ്രദേശമായതിനാൽ ആരോഗ്യ പരിപാലനത്തിനും, വിദ്യാഭ്യാസത്തിനും, ഗതാഗത സൗകര്യത്തിനുമുള്ള സാധ്യതകൾ വളരെ കൂടുതലാണ്. പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം മെച്ചപ്പെട്ടതാണെന്ന് പഠനം തെളിയിക്കുന്നു.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക വിപരീത ഫലങ്ങൾ ദുരീകരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക, ഭൂമി ഏറ്റെടുക്കലിൻെറ ഗുണകരവും ദോഷ കരവുമായ ആഘാതങ്ങളെ കണ്ടുപിടിക്കുക, പദ്ധതിയുടെ സവിശേഷതകൾ മനസ്സിലാക്കുക എന്നിവയാണ് എസ്.ഐ.എ. യുടെ ലക്ഷ്യങ്ങൾ. നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽനിന്നും, മത സ്ഥാപനങ്ങളിൽ നിന്നും, കൊച്ചി മുനിസിപ്പൽ മെമ്പർമാരുമായുള്ള ചർച്ചയിലൂടെയും, അഭിമുഖങ്ങളിലൂടേയും, വ്യാപാരി വ്യവസായി ഏകോപന സമിതിയിൽനിന്നും, റവന്യൂ വകുപ്പിലേയും കെ.എം.ആർ.എൽ ലിലേയും ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമായ രേഖകള് വിലയിരുത്തിയതിലൂടെയും വിവരങ്ങൾ ശേഖരിച്ചു. ഇവ ആഘാതം ദുരീകരിക്കുന്നതിനുള്ള അനുയോജ്യമായ നടപടികൾ കണ്ടെത്തുന്നതിന് സഹായകമായി.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനെ അടിസ്ഥാനമാക്കിയുള്ള കേരള ചട്ടങ്ങൾ 2015, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ

പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- പദ്ധതി പ്രദേശത്തു നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുക.
- പുനരധിവാസ, പുനസ്ഥാപന സ്കീമിൽ ദുർബലജന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- RFCTLARR Act 2013 ൻെറ സെക്ഷൻ 41 അനുസരിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ പദ്ധതി ബാധിത പ്രദേശത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉപയോഗരഹിതമാകുന്ന ഭൂമികൾകൂടി ഏറ്റെടുക്കുക.
- ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നതും എന്നാൽ പുതിയൊരു ബിസിനസ് തുടങ്ങാൻ കഴിയാത്തവരുമായ മുതിർന്ന പൗരന്മാരുടെ ഉപജീവന പ്രശ്നങ്ങൾ പരിഗണിക്കേണ്ടതാണ്
- വസ്തുവകകളുടെ ഏറ്റെടുക്കൽ മൂലം തൊഴിൽ നഷ്ടമാകുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പരിഗണിക്കുക..
- പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശനത്തിന് ബദൽ സൗകര്യം കാലതാമസം കൂടാതെ നൽകി പരിഹരിക്കേണ്ടതാണ്.
- പ്രദേശത്തെ ബിസിനസ് തുടരുന്നതിനായി ഘടനകളെ പുനർനിർമ്മിക്കുന്നതിനുള്ള കെട്ടിട നിയമങ്ങളിൽ അൽപ്പം അയവ് വരുത്തുക.
- പദ്ധതിയുടെ നിർമ്മാണ വേളയിൽ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുവാനുള്ള മുൻ കരുതലുകളും സുരക്ഷ നടപടികളും കൈക്കൊണ്ടുവെന്ന് ഉറപ്പുവരുത്തുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക..

- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

**7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനെ അടിസ്ഥാനമാക്കിയുള്ള കേരള ചട്ടങ്ങൾ 2015, ഇതിനോട നുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

**7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ഭൂമി ഏറ്റെടുക്കലിനും, പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള ചെലവ് മൊത്തം പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വ്യക്തമാക്കി.

**7.5സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O(Ms) No.448/2017/RDപ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ

നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| *ക്രമ നമ്പർ* | *പ്രത്യാഘാതം* | *പ്രത്യാഘാതനിയന്ത്രണം* | *സമയക്രമം* |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം) | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ് ക്കും പുനഃരധി വാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയ ക്രമം. |
| 2 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | നഷ്ടപരിഹാരം (RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരം) | |
| 3 | ഉപജീവനമാർഗ്ഗം നഷ്ടമാകൽ | 29/12/2017 തീയതിയിലെ കേരള സർക്കാരിന്റെ പോളിസി പ്രകാരം നഷ്ടപരിഹാരം/ പുന:സ്ഥാപനം നൽകുക | |
| 4 | വിധവകൾ, വിവാഹ ബന്ധം വേർപ്പെടുത്തിയവർ, ഭിന്നശേഷിക്കാർ എന്നിവരുടെ കുടിയൊഴിപ്പിക്കൽ | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരം, ദുർബലജന വിഭാഗത്തിന് മുൻഗണന നൽകുക | RFCTLAR&R Act, 2013 അനുസരിച്ചുള്ള സമയക്രമം |
| 5 | പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കുടിയൊഴിപ്പിക്കൽ | RFCTLAR&R Act, 2013 ലെ സെക്ഷൻ 41 പ്രകാരമുള്ള പ്രത്യേക വ്യവസ്ഥകൾ പാലിക്കുക | RFCTLAR&R Act, 2013 അനുസരിച്ചുള്ള സമയക്രമം |
| 6 | കെട്ടിടങ്ങൾ പൊളിക്കൽ | അഘാത ബാധിത കുടുംബങ്ങളുടെയും സി.പി.സി.ആർ.ഐ യുടെയും സുരക്ഷ പ്രശ്നങ്ങൾ | നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |

| | | | |
|---|---|---|---|
| | | പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. | |
| 7 | ഉപയോഗരഹിതമായ ഭൂമിയുടേയോ വസ്തുവിൻേറയോ ഏറ്റെടുക്കൽ | ആഘാത ബാധിതരിൽ നിന്നുമുള്ള അപേക്ഷ പ്രകാരം വസ്തുവകകൾ ഏറ്റെടുക്കുക | ഭൂമി ഏറ്റെടുപ്പിൻെറ വേളയിൽ |
| 8 | റോഡിൽ നിന്നും വാണിജ്യ സ്ഥാപനത്തിലേക്കുള്ള നേരിട്ടുള്ള പ്രവേശനത്തിൻെറ നഷ്ടം മൂലം ബിസിനസിനുണ്ടാകുന്ന കുറവ് | വാണിജ്യ സ്ഥാപനങ്ങളിലേക്കുള്ള നേരിട്ടുള്ളപ്രവേശനത്തിന ഇതര ക്രമീകരണങ്ങൾ ചെയ്യുക | നിർമ്മാണ വേളയിൽ |
| 9 | വാണിജ്യ സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയയുടെ നഷ്ടം | കട ഉടമകളുടെ വാഹനം പാർക്ക് ചെയ്യുന്നതിന സ്ഥാപനത്തിൻെറ സമീപത്ത് പാർക്കിംഗ് സ്ഥലം നൽകുക | നിർമ്മാണ വേളയിൽ |
| 10 | കുടിവെള്ള പൈപ്പ് ലൈൻ, വൈദ്യുത തൂണ് മുതലായവ മാറ്റി സ്ഥാപിക്കൽ | പുനസ്ഥാപിക്കുവാനുള്ള ക്രമീകരണങ്ങൾ കൈക്കൊള്ളുക | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 11 | സ്വകാര്യ വ്യക്തികളുടെ വസ്തുക്കളിലെ യൂട്ടിലിറ്റീസിനുണ്ടാകുന്ന കേടുപാടുകൾ | ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കേടുപാടുകൾ നികത്തു കയോ പദ്ധതി ബാധിത കുടുംബങ്ങളെ ഉൾപ്പെടു ത്തിക്കൊണ്ട് പകരം ക്രമീകരണങ്ങൾ സ്വീകരി ക്കുകയോ ചെയ്യുക. | |
| 12 | പൊതു ഗതാഗതം തടസപ്പെടലും നിർമ്മാണ വേളയിലുള്ള വായു മലിനീകരണ പ്രശ്നങ്ങളും | പദ്ധതി നിർവഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാതനിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ചട്ടങ്ങൾ എന്നിവ പ്രകാരവും ഗവണ്മെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളെയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ- പുന:സ്ഥാപന പദ്ധതിയും തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് ആക്റ്റ് 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുനസ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കലൂർ മുതൽ പാലാരിവട്ടം വരെയുള്ള റോഡിൻെറ വീതി കൂട്ടുന്ന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ കൊച്ചി മെട്രോ ഡെപ്യൂട്ടി കളക്ടർ (എൽ.എ) ആണ്.

താഴെ പറയുന്ന കമ്മിറ്റികൾക്കാണ് പുനരധിവാസ-പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്വം:

1. **പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനും വേണ്ടിയുള്ള പദ്ധതി തലത്തിലുള്ള കമ്മിറ്റി:**-പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്ട്, 2013 ൻെറ 45-ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു.

2. **പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി:-** ആക്ടിന്റെ 50-ാം വകുപ്പ് പ്രകാരം പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള സ്കീമും പ്ലാനും നടപ്പിലാക്കൽ അവലോകനം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും സംസ്ഥാനതലത്തിലുള്ള ഈ കമ്മിറ്റി ആയിരിക്കും.

**8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരം ആയിരിക്കും.

# അദ്ധ്യായം 9

## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റുംസാമ്പത്തിക നടപടികളും

**9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ബാധകമല്ല

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരിത്തിയിരിക്കുന്ന നഷ്ടപരിഹാര തുക
- നഷ്ടപരിഹാര തുക പദ്ധതി ആഘാത കുടുംബങ്ങൾക്ക് നൽകുവാൻ എടുക്കുന്ന സമയം
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാര മായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം.**

കൊച്ചി മെട്രോ റയിൽ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മുന്നോടിയായുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള റോഡിന്റെ വീതികൂട്ടലാണ് നിർദ്ദിഷ്ട പദ്ധതി. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ഈ മെട്രോ റയിൽ പദ്ധതി സഹായകമാകും. യാത്രാ സമയവും യാത്രാ ചെലവും ലാഭിക്കുകയും, കാക്കനാട് ഭാഗത്തുള്ള തൊഴിലവസരങ്ങൾ ധാരാളം പേർക്ക് ഉപയോഗപ്പെടുത്തുവാനും കഴിയും. ഭൂമി എറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള നിയമം 2013 വകുപ്പ് 2(b)(i) പ്രകാരം പ്രസ്തുത പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

പദ്ധതിക്കായി മൊത്തം 0.5835 ഭൂമിയാണ് ആവശ്യമായി വരുന്നത്. പദ്ധതി പ്രദേശം വാണിജ്യപരമായി പ്രാധാന്യമുള്ളതും ഭൂവുടമകളുടെ കൈവശമുള്ള ഭൂമിയുടെ വ്യാപ്തി താരതമ്യേന കുറവായതുമാണ്. ഭൂമിയുടെ ഉടമസ്ഥതയുള്ള 190 കുടുംബങ്ങളും, 2 മത സ്ഥാപനങ്ങളും പദ്ധതി ബാധിതമാകുന്നുണ്ട്. വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 96 വസ്തുവകകളെ പൂർണമായോ ഭാഗികമായോ പദ്ധതി ബാധിക്കുന്നു. 28 കൈവശാവകാശമുള്ളവരേയും, 63 കൈവശാവകാശമില്ലാത്തവരേയും പദ്ധതി പ്രദേശത്തുനിന്ന് മാറ്റിപാർപ്പിക്കേണ്ടി വരും. 4 ആൾ താമസമുള്ള വീടുകളും 87 വാണിജ്യ സ്ഥാപനങ്ങളും മാറ്റിപാർപ്പിക്കേണ്ടി വരും. ഭൂമി ഏറ്റെടുക്കൽ മൂലം 153 കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കുറയും. എങ്കിലും അവരിൽ 53 കുടുംബങ്ങൾക്ക് അവരുടെ ഉപജീവന മാർഗ്ഗത്തിന് മറ്റുവരുമാന മാർഗ്ഗങ്ങൾ ഉണ്ട്. 68 നിർമ്മിതികളും ആഘാത ബാധിത വസ്തുവകകളിൽ ഉൾപ്പെടുന്നു. വീടുകൾ, കടകൾ, ഒന്നിലധികം നിലകളുള്ള വാണിജ്യ കെട്ടിടങ്ങൾ, മത സ്ഥാപനങ്ങൾ, ചുറ്റുമതിലുകൾ

എന്നിവ നിർമ്മിതികളിൽ ഉൾപ്പെടുന്നു. കൈവശാവകാശമുള്ള ഭൂരിഭാഗം പേരുടേയും പാർക്കിംഗ് ഏരിയ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു. വൈദ്യുത തൂണുകൾ, ടെലഫോൺ കേബിളുകൾ, തെരുവ് ലൈറ്റ്, ട്രാൻസ്ഫോമേർസ് എന്നിവ നിലവിലെ സ്ഥാനത്തുനിന്നും മാറ്റി സ്ഥാപിക്കേണ്ടതായി വരും. നിലവിലെ സ്ഥത്തിൻെറ വിന്യാസത്തിൻെറ രൂപരേഖ പ്രകാരം 4 സ്വകാര്യ റോഡുകളേയും 8 പൊതു റോഡുകളേയും ഭൂമി ഏറ്റെടുക്കൽ ബാധിച്ചേക്കാം.

ഭൂമി ഏറ്റെടുക്കൽ ഉടമസ്ഥാവകാശം ഉള്ളവരുടേയും ഉടമസ്ഥാവകാശം ഇല്ലാത്തവരുടേയും ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്നതിനാൽ ഭൂമിഏറ്റെടുക്കലിനോട് അവർ വിസമ്മതം പ്രകടിപ്പിച്ചു. മെട്രോ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന നിലവിലുള്ളറോഡിൻെറ വീതി കൂട്ടൽ അനിവാര്യമാണ. മെട്രോ ബയഡക്റ്റിൻെറ നിർമ്മാണ വേളയിലും നിർമ്മാണത്തിനു ശേഷവുമുള്ള സുഗമമായ ഗതാഗതത്തിന ഏറ്റവും കുറവ് ഭൂമിയാണ നിർദ്ദേശിച്ചിരിക്കുന്നത്. രണ്ടാം ഘട്ടത്തിൻെറ ആദ്യ വികസനത്തിന ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതല്ലാതെ മറ്റൊരു ബദൽ മാർഗ്ഗത്തിന സാധ്യതയില്ല. പബ്ലിക്ക് ഹിയറിംഗിൽ പങ്കെടുത്ത ആരും പദ്ധതിക്കായ് മറ്റൊരു ബദൽ മാർഗ്ഗം നിർദ്ദേശിച്ചില്ല. ആയതിനാൽ നിലവിലെ വിന്യാസത്തിൽ മാറ്റം വരുത്തുവാൻ കഴിയില്ല. 17.06.2020 ന് ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള റോഡിൻെറ വീതി കൂട്ടുന്നതിന് മുന്നോടിയായുള്ള ഭൂമി ഏറ്റെടുക്കലിൻെറ വിജ്ഞാപനം 11(1) റവന്യു വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട (സ്രോതസ്: 29.06.2020 ലെ ടൈംസ് ഓഫ് ഇന്ത്യ ന്യൂസ്പേപ്പർ)

സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ ചെയ്താൽ പദ്ധതിയുടെ ആഘാതം കുറയ്ക്കുവാൻ കഴിയും.

താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനെ അടിസ്ഥാനമാക്കിയുള്ള കേരള ചട്ടങ്ങൾ 2015, ഇതിനോട നുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ

പാലിച്ചുകൊണ്ടുമായിരിക്കണം പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.

- പദ്ധതി പ്രദേശത്തു നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുക.
- പുനരധിവാസ, പുനസ്ഥാപന സ്കീമിൽ ദുർബലജന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- RFCTLARR Act 2013 ന്റെ സെക്ഷൻ 41 അനുസരിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ പദ്ധതി ബാധിത പ്രദേശത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് നൽകുക.
- ഭൂമി ഏറ്റെടുക്കുന്നതുമൂലം ഉപയോഗരഹിതമാകുന്ന ഭൂമികൾകൂടി ഏറ്റെടുക്കുക.
- ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നതും എന്നാൽ പുതിയൊരു ബിസിനസ് തുടങ്ങാൻ കഴിയാത്തവരുമായ മുതിർന്ന പൗരന്മാരുടെ ഉപജീവന പ്രശ്നങ്ങൾ പരിഗണിക്കേണ്ടതാണ്
- വസ്തുവകകളുടെ ഏറ്റെടുക്കൽ മൂലം തൊഴിൽ നഷ്ടമാകുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പരിഗണിക്കുക..
- പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശനത്തിന് ബദൽ സൗകര്യം കാലതാമസം കൂടാതെ നൽകി പരിഹരിക്കേണ്ടതാണ്.
- കട ഉടമകളുടെ സ്വകാര്യവാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം കടയുടെ ചുറ്റുവട്ടത്ത് നൽകുക.
- പ്രദേശത്തെ ബിസിനസ് തുടരുന്നതിനായി ഘടനകളെ പുനർനിർമ്മിക്കുന്നതിനുള്ള കെട്ടിട നിയമങ്ങളിൽ അൽപ്പം അയവ് വരുത്തുക.
- ആഘാത ബാധിതമാകുന്ന നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെ പ്രക്രിയയ്ക്ക് ഉണ്ടായേക്കാവുന്ന കാലതാമസം കുറയ്ക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് രൂപവത്കരിക്കുക. ആയതിനാൽ കൊച്ചി മെട്രോ റയിൽ ലിമിറ്റഡിന്റെ വിവിധ പദ്ധതികൾക്ക് ഭൂമി

ഏറ്റെടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന ആഘാത ബാധിത കുടുംബങ്ങളുടെ പുനസ്ഥാപിക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയും.

- പദ്ധതിയുടെ നിർമ്മാണ വേളയിൽ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുവാനുള്ള മുൻ കരുതലുകളും സുരക്ഷ നടപടികളും കൈക്കൊണ്ടുവെന്ന് ഉറപ്പുവരുത്തുക.
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക..
- നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരത്തിന് പകരം സംവിധാനങ്ങളും പദ്ധതി മൂലം ഉണ്ടാകാൻ ഇടയുള്ള മാലിന്യങ്ങളുടെ സംസ്ക്കരണവും ഉറപ്പുവരുത്തുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

മുകളിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ നെഗറ്റീവ് പ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ നിലവിലെ പദ്ധതി അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുൻപോട്ട് പോകുവാൻ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ശുപാർശ ചെയ്യുന്നു.